ലീല

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

ലീല

(ഒരു ഖണ്ഡകാവ്യം.)

എൻ. കുമാരൻ ആശാൻ.

പ്രകടനാധികൃതൻ കളക്കുന്നത്തു രാമൻമേനോൻ.

ബി. വി. ബുക്ക്ഡിപ്പോ

തിരുവനന്തപുരം.

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ.

TRIVANDRUM

The 'Ananda' Press.

1089.

പ്രകടനാധികൃതന്റേയും, ഗ്രന്ഥകർത്താവിന്റേയും മുദ്രയി
ല്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

മുഖവുര.

'നളിനി' എഴുതി അവസാനിക്കുന്നതിനു മുമ്പുതന്നെ ആ മാതിരി ഒരു ചെറിയ കാവ്യംകൂടി എഴുതേണ്ട ആവശ്യകത തോന്നിയിരുന്നു. കാരണം, നളിനിയിലെ നായികാനായകന്മാർ രാജസം മിക്കവാറും വിട്ടു, സാത്വികാവസ്ഥയിൽ എത്തി നില്ക്കുന്ന പുണ്യാത്മാക്കളാണ്. അതിനു മുമ്പുള്ള അവസ്ഥകളിലാണല്ലോ ജീവിതത്തിന്റെ കഷ്ടതകളും മാനസരഹസ്യങ്ങളും അധികം അടങ്ങിയിരിക്കുന്നത്. അതുകൊണ്ടു് നളിനിയിലെ പാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളെ പററിയാണ് പിന്നെ എഴുതേണ്ടതായി തോന്നിയത്. അതു മുതൽ അതിനെപ്പററി ഗാഢമായി ചിന്തിക്കയും, പല സംഗതികളും സങ്കല്പിച്ചു മനസ്സിൽ ക്രമപ്പെടുത്തിവെക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനിടയിൽ ഒരിക്കൽ 'മെൻട്രാസ് ഹിന്ദുകോളേജ് മാഗസി'നിൽ ആണെന്നു തോന്നുന്നു പ്രസിദ്ധനായ ഡാക്ടർ കുമാരസ്വാമിയുടെ ഉപന്യാസത്തോടുകൂടി ഒരു പെർഷ്യൻ കഥാനായികയുടെ ചിത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതായി കണ്ടു. ആ ചിത്രം മേല്പറഞ്ഞ സങ്കല്പത്തെ ഉദ്ദീപിപ്പിച്ചു. എന്നാൽ കഥയെപ്പററി വിസ്തരിച്ചു യാതൊന്നും ഉപന്യാസത്തിൽ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല. ഒടുവിൽ നളിനി എഴുതിത്തീർന്ന് ൬ മാസം കഴിഞ്ഞശേഷം ൧൯൧൪ ജൂലൈ ൨൦-ാംനു-യാണ് 'ലീല' എഴുതിത്തുടങ്ങിയതു്. മുൻപറഞ്ഞ ചിത്രം ഒരിക്കൽകൂടി കാണുകയോ ഉപ

Digitized By Kerala Sahitya Akademi

ന്ന്യാസം ഒന്നുകൂടിവായിച്ചുനോക്കുകയോ ചെയ്താൽ കഥാസൃ ഷ്ടിയിൽ വല്ലസഹായവുംഉ ണ്ടാവാൻ മതിയെന്നുതോന്നുക യാൽ അപ്പോഠം വീണ്ടും അതിനെപററി അന്വേഷിച്ചു് എങ്കിലും കിട്ടിയില്ല. ചുരുക്കിപറഞ്ഞാൽ, ഈ കാവ്യം പോലേതന്നെ ഇതിൻെറ കഥയും സ്വന്തം ചെറിയ കല്പനാശക്തിക്കൊത്തവണ്ണം സ്വതേതന്നെ നിമ്മിക്കയാണു് ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് 'ലീല' തൻെറ പൂർവ്വജയായ 'നളിനി' യെപ്പോലെതന്നെ ഒരു കല്പിത കഥയാണു്.

ഈയിടെ പല ആളുകളും അന്യഭാഷകളിൽ നിന്നു പല പുസ്തകങ്ങളും രൂപാന്തരപ്പെടുത്തി വിവരം പ്രസ്താവിക്കാതെ സ്വന്ത കൃതികളായി പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു. ഈ ഭംഗിയില്ലാത്ത നടപടി വായനക്കാരുടെ ഇടയിൽ ഒരുവക അവിശ്വാസത്തിന്നു ഹേതുവായിത്തീൎന്നിട്ടുമുണ്ടു്. അതുകൊണ്ടു് സാമാന്യം നന്നായിട്ടേതെങ്കിലും ഒരു കൃതി കണ്ടാൽ അതു കേവലം ഭാഷാന്തരമോ അനുകരണമോ ആയിരിക്കുമെന്നു തീർച്ചയാക്കിക്കഴിയുും. എന്നാൽ അങ്ങിനെയുള്ള നല്ലകൃതികഠംക്കും തൽകർത്താക്കന്മാൎക്കും വാസ്തവത്തിൽ അതുകൊണ്ടുഹാനി ഒന്നും വരാനില്ലെങ്കിലും ആ വക തെററിദ്ധാരണ ജനങ്ങഠംക്കു, യഥാൎത്ഥകൃതികളുടെ ശരിയായ ഗുണദോഷനിരൂപണത്തിൽ അനാസ്ഥയുണ്ടാക്കി അവയെ വായിക്കുന്നതിലും അവയുടെ കൎത്താക്കന്മാരുടേ പ്രയത്നത്തെ അനുമോദിക്കുന്നതിലും അടങ്ങിയിരിക്കുന്ന നിർദ്ദോഷമായ സുഖത്തിന്നു ഭംഗം വരുത്തും. ഇതു ഒരു ദയനീയമായ സംഗതിയാകുന്നു. ഒരു കൃതിയിൽ ഉള്ളദോ, ഷങ്ങഠംക്കു തൽകൎത്താവു് ഉത്തരവാദിയായിരിക്കുന്നതു പോലെ അതിൽ വല്ല ഗുണോൽകൎഷവുമുണ്ടെങ്കിൽ അതി

Digitized By Kerala Sahitya Akademi

നുള്ള ബഹുമതിക്കും അയാൾ തന്നെയാണു് അവകാശി. ഈ ബഹുമതിയെ സമ്മതിച്ചു കൊടുക്കുന്നതിൽ പ്രായേണ ജനങ്ങൾക്കു കാണുന്ന വൈമനസ്യം, പുതിയകല്പന സാമത്ഥ്യങ്ങൾഒന്നും നമുക്കുണ്ടാവാൻ പാടില്ലെന്നു നമ്മുടെ നാട്ടുകാർ മുൻകൂട്ടി ധരിച്ചുവെച്ചിട്ടുള്ള ദുർധാരണയുടെ ഫലമാണു്. താഴെ കാണുന്ന കാളിദാസവചനം ഈ സന്ദർഭത്തിൽ സ്മരണീയമായിരിക്കുന്നു;—

"സന്തഃസമീക്ഷ്യാന്യതരൻ ഭജന്തേ
മൂഢഃപരപ്രത്യയനേയ ബുദ്ധിഃ".

ഇനി, ഒരു കവി മുമ്പെഴുതുന്ന കൃതിയോടു പിമ്പെഴുതുന്നതിനെ താരതമ്യപ്പെടുത്തി അഭിപ്രായം പറവാൻ കാത്തിരിക്കുന്ന വായനക്കാരുണ്ടു്. അവർ ഓരോ കൃതിയിലും കവി പിടിച്ചിരിക്കുന്ന പ്രമേയം എന്താണെന്നും, ഓരോന്നിനേ പററിയും അയാളുടെ പ്രത്യേക ചുമതല എന്താണെന്നും വേണ്ടവണ്ണം ആലോചിക്കാതെയാണു് ചിലപ്പോൾ ഒക്കെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാറുള്ളതു്. അതുകൊണ്ടു പ്രിയവായനക്കാർ, നളിനിയോടു ലീലയെ താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത ഓർമ്മിക്കേണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. ദൃഷ്ടാന്തത്തിനു, 'നളിനി' ഒരു താമരപ്പൂവാണെന്നും 'ലീല' ഒരു ചമ്പകപ്പൂവാണെന്നും വിചാരിക്കുക. രണ്ടും പുഷ്പങ്ങളാണു്. രണ്ടിനെയും സൃഷ്ടിക്കുന്നതിൽ സ്രഷ്ടാവു തന്റെ കല്പനാശക്തിയേയും ശില്പസാമത്ഥ്യത്തേയും ഒന്നുപോലെ ഉപയോഗിച്ചിട്ടും ഉണ്ടു്. എങ്കിലും ഒന്നു ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവു്; മറേറതു് പ്രകടമായ സൌരഭ്യവും, ഉജ്ജ്വലമായ കാന്തിയുമുള്ള ച

Digitized By Kerala Sahitya Akademi

ബകപ്പൂവ്. വ്യത്യാസത്തിന്നു കാരണം സ്രഷ്ടാവിന്റെ സംകല്പഭേദം മാത്രമായിരിക്കും. അതു് ഒഴിച്ചു കൂടാത്തതു മാണ്.

ഭാഷാരീതിയെ സംബന്ധിച്ചു, നളിനിയുടെ അവതാരികയിൽ മഹാമഹിമശ്രീ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കുറക്കേണ്ടതായി സൂചിപ്പിച്ചിരുന്ന നിർബന്ധങ്ങൾ പാടുള്ളത്ര കുറെപ്പാൻ ശ്രമിച്ചിട്ടുണ്ടു്. ആ ശ്രമം തൃപ്തികരമാംവണ്ണം സാധിച്ചിട്ടില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ചിരപരിചയം കൊണ്ടു ഉറച്ചുപോയ ശൈലി മാറുന്നതു് ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും ഇനിയും ശ്രമിച്ചു തിരുമനസ്സിലെ പൂൎണ്ണപ്രസാദത്തിന്നു പാത്രമാവാൻ നോക്കുന്നതാണു്.

൧൯൧൪-ഡിസംബർ ൧൫-ാംനു- "ലീല" എഴുതിതീൎന്നു. ക്ലേശകരമായ കൃത്യാന്തരങ്ങളുടെ ഇടയിൽ പ്രായേണ രാത്രിസമയം മാത്രമേ ഇതിന്നു വിനിയോഗിപ്പാൻ കിട്ടീട്ടുള്ളു. അച്ചടിക്കുന്നതിന്നുമുമ്പു തന്നെ പണ്ഡിതസ്നേഹിതന്മാരിൽ പലരും ഇതിനെ വായിച്ചു കേൾക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ടു്. ഇവരിൽ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള (എം. ഏ; എം. ആർ. ഏ. എസ്സ്.) അവർകളുടെ പേർ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൎശനമെങ്കിലും വ്യുല്പാദകമായ ഗുണദോഷവിവേചനത്തിന്നു സ്നേഹബഹുമാനപൂൎവ്വം നന്ദി പറകയും ചെയ്യുന്നു.

നളിനിയേ സ്വീകരിക്കുന്നേതിൽ പൊതുജനങ്ങളും വൎത്തമാനപ്പത്രങ്ങളും ടെക്സ്റ്റ്ബുക്കു് കമ്മററിക്കാരും ഒ

Digitized By Kerala Sahitya Akademi

ന്നപോലെ പ്രദർശിപ്പിച്ച സ്നേഹപൂർവ്വമായ താൽപര്യ ത്തിന്നും പ്രോത്സാഹനങ്ങൾക്കുമായി എല്ലാവക്കും വന്ദനം പറവാൻ ഈ സന്ദർഭത്തെ ഉപയോഗിച്ചു കൊള്ളുന്നു. നളിനിക്കു സരസമായ ഒരു നിരൂപണം പ്രസിദ്ധപ്പെടു ത്തി അതിന്റെ പ്രചാരത്തെ വദ്ധിപ്പിപ്പാൻ ഉത്സാഹി ച്ച മാന്യസ്നേഹിതനായ സ്കൂൾ ഇൻസ്പെക്ടർ ജീ. രാ മൻമേനോൻ (എം. ഏ.) അവർകളോടുള്ള ഹാദ്ദവമാ യ കൃതജ്ഞതയേയും ഈ അവസരത്തിൽ പ്രസ്താവിച്ചു കൊള്ളുന്നു.

"ലീല" അച്ചടിച്ചു തീന്നിട്ടുതന്നെ ആറു മാസത്തി ൽ അധികമാകുമെങ്കിലും ഇടയിലുണ്ടായ അസൌകര്യ ങ്ങളാൽ പ്രസിദ്ധപ്പെട്ടത്താൻ ഇത്രതാമസം നേരിട്ടതാ കുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിനു വേണ്ടതെല്ലാം ചെയ്തുതന്ന ബി. വി. ബുക്കഡിപ്പോ ഉടമസ്ഥന്മാക്കും പു സ്തകം മുഴവൻ വായിച്ചുനോക്കി സന്ദർഭോചിതമായ ചി ത്രങ്ങൾ ദയചെയ്തു എഴുതിതന്ന മ. രാ. രാ. കേ. ആർ. രവിവമ്മകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഹൃദയപൂർവ്വം നന്ദിപറഞ്ഞു കൊള്ളുന്നു.

തിരുവനന്തപുരം.
൧൦൭൯-വൃ-൧൯൦൫ } എൻ. കുമാരൻ ആശാൻ.

ശുദ്ധിപത്രം.

സർഗ്ഗം.	ശ്ലോകം.	വരി.	അശുദ്ധം.	ശുദ്ധം
1	10	4	പിതാബ്ദ്ര	പിതാവു വി
,,	25	3	മറച്ചു	മറച്ച്യ
,,	33	4	പരികരമങ്ങിനെ ഭോഗമങ്ങിനെ	പരികരമെങ്ങിനെ ഭോഗമെങ്ങിനെ
,,	35	3	അലയാതെ	അലിയാതെ
,,	58	4	ഭൃതകരഞ്ഞു	ഭൃതകരണഞ്ഞു
2	4	4	പ്രിയതൻ	പ്രയതൻ
,,	7	1	ഉരചെയ്യു:—ഴലാഴ്ക	ഉരചെയ്യു:—പൊറുക്ക
,,	7	2	യതാത്മതാൻവഴി	യതാത്മതൻവഴി
,,	26	2	പരലോകത്തൊ	ചരലോകത്ത
,,	46	1	പിന്നിയ	പിന്നയു
,,	66	1	വരമിക്കിലും	വിരമിക്കിലും
3	16	3	യെന്നിതാന്നതിങ്ങീ	യെന്തിനാന്നതിങ്ങീ
,,	20	1	മരുത്തനാൽ	മരുത്തിനാൽ
,,	20	1	മിഹിസ്സാ	മഹസ്സാ
,,	30	3	പരിണതസുമകാല	വിരതകുസുമകാല

Digitized By Kerala Sahitya Akademi

“പ്രണയപരവശേ, ശുഭം നിന,-
ക്കുണരുക; ഉണ്ടൊരു ദിക്കിൽ നിൻപ്രിയൻ;
ഗ്ഗുണവതി,‘ നെടുമോഹനിദ്രവി-
ട്ടുണരുക,;—ഞാൻ സഖി, നിന്റെ മാധവി.”

സർഗ്ഗം ൧, ശ്ലോകം ൧.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ലീല.

ഒന്നാം സർഗ്ഗം.

—:o:—

സഖി:—"പ്രണയ പരവശേ, ശുഭം നിന-
ക്കുണരുക; യുണ്ടൊരു ദിക്കിൽ നിൻ പ്രിയൻ;
ഉണരുതി, നെടുമോഹ നിദ്ര വി-
ട്ടുണരുക;—ഞാൻ സഖി, നിന്റെ 'മാധവി.'"

കഥ:— സരള മധുര, മീവിധം വചാ-
സ്സൊരു വിധി വാട്ടിയ കണ്ണു വീഥിയിൽ,
വിരവിനൊടു പതിച്ചു, പിച്ചിമേൽ
വിരള നവാംബുദ ബിന്ദുവെന്ന പോൽ. 2

ഉദയ പുര മതിന്നുപാന്തമായ്
വിദിത മഹീധര സാനു ഭൂമിയിൽ,
സദന സുമ വനത്തി ലൊന്നി,ലു-
ന്മദമരുളും മധുമാസ രാത്രിയിൽ, 3

Digitized By Kerala Sahitya Akademi

വിലസി നറു നിലാവെഴും, ലതാ-
വലയ മതിന്റെ വെറും നിലത്തിലായ്,
വിലയ പരവശാംഗി, വീണ പൂ-
ങ്കുലയതുപോലെ കിടന്നൊരോമലാൾ. 4

[യുഗ്മകം.]

കവി:—ക്ഷിതിയി ലഹഹ! മർത്ത്യ ജീവിതം
പ്രതിജന ഭിന്ന വിചിത്ര മാർഗ്ഗമാം;
പ്രതി നവ രസമാം;–മതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനു ഗായികൾ. 5

കഥ:—മരുവി യവിടെ മുമ്പു, ദൂരമാം–
മരുവി ലകന്ന മഹാർഘ പണങ്ങളിൽ,
പെരുവഴി ത്തുണ ചേർന്നു പോകുവോ,
രൊരു വക യാളുകൾ വൈശ്യ വൃത്തികൾ. 6

അവരുടെ കുലനാഥനുണ്ടൊരാ–
ളുവനിയിൽ വിശ്രുതന 'രത്നപാലകൻ';
അവനു തനയയായ് ജനിച്ചുപോ–
ലവികല, മാനുഷരൂപ മാധുരി. 7

Digitized By Kerala Sahitya Akademi

ഭവന മണി വിളക്കു, സൽഗുണ-
പ്രവണത യാൎന്നു വളൎന്നു നന്ദിനി;
അവനു മമത കൊണ്ടു തുല്യമാ
യവളു, മനുജൎക്കും, ദനുജൎക്കും താനമേ. 8

കദ്യ നിശിത കുശാഗ്ര ബുദ്ധിയാൾ
പലതു പഠിച്ചിവൾ ശക്തി പോലവും,
വലിയ ധനികനാം പിതാവു തൻ-
നിലയിൽ വിചക്ഷണ ലബ്ധിപോലെയും. 6

സകൂതുക മാറ് മത്സരിച്ചു താൻ
മികവൊടണിഞ്ഞിതു ശൈശവം മുതൽ,
പ്രകൃതിയവളെ യംഗ കാന്തിയാൽ,
സുകൃതി പിതാ ബാഹ്യ ഭൂഷണങ്ങളാൽ. 10

ലളിത ലളിത മാൎന്നു യൌവനം
കുലസുത "ലീല"—അതാണവൾക്കു പേർ;
കവി:— ലലനകളുടെ ഭാഗ്യ യന്ത്ര മാ-
നിലയിൽ മനസ്സു തിരിഞ്ഞപോലെ പോം. 11

Digitized By Kerala Sahitya Akademi

കഥ:—മകളോടു മൊരുമിച്ചു യാത്രയാ
യകലെ യൊരിക്കൽ വണിഗ്വരൻ; തദാ
സകുതുക മവൾ കണ്ടു വാർത്തക-
പ്രകര മട്ടപ്പുതു താവളങ്ങളിൽ. 12

കൊടിയ വെയിലു, മുഗ്ര വാത്യവും,
പൊടിയു മിടഞ്ഞു മഹാ മരുക്കളിൽ,
കടലിൽ ബൃഹത്തര തരംഗ, മാലയായ്
പടവുകൾ പോൽ വരു മൊട്ടകങ്ങളും, 13

പടകുടികൾ വെടിഞ്ഞു കുന്നു തൻ-
കൊടുമുടി വിട്ട വലാഹകങ്ങൾ പോൽ,
നെടു വഴികളിൽ നീണ്ട വാഹന-
പ്പടയൊടു പോമുരു സാർത്ഥവാഹരും. 14

പല ജനത, പലേ നിബന്ധനം,
പല നഗരം, പല വേഷ ഭാഷകൾ,
പലതു മിതു കണ ക്കണഞ്ഞു ക-
ണ്ടു,ല മവൾ മോദവു മാണ്ടു, ബോധവും. 15

[വിശേഷകം]

Digitized By Kerala Sahitya Akademi

വിഭവ, മതു കണക്കെ വിദ്യ, യീ
സുഭഗത, ശോഭന യൌവനാഗമം;
ശുഭഗുണ യിവയിൽ ചരിക്കയാ—
യഭിമത വാപിയിൽ മുഗ്ദ്ധ ഹംസി പോൽ.

കവി:—കരുതരു തുരു ഭ്രതി കാങ്കിലും
സ്ഥിരശുഭയാണിഹ ലീലയെന്നു നാം;
പരമ രുചിരമാ മഹമ്മുഖം
ചരമ ധരോപരി കാറു നില്ക്കുവോ. 17

ശരി, ഹത വിധിയായ മേഘമാ—
ന്നിരുള്ള പരന്നിത, ലോകയാത്രയിൽ,
മുറുകി വലിയ കോള്ള, കന്യയാം
ചെറുകളി വഞ്ചി കുടുങ്ങി യാടലിൽ. 18

കഥ:—വിജയപുര നിവാസി, വത്തക—
വ്രജപതി, യാവഴി പോന്നു വന്നൊരാൾ
സ്വജനമൊട്ടു, വരിച്ചു ലീലയെ
നിജസുതനായി വധൂകരിക്കുവാൻ. 19

Digitized By Kerala Sahitya Akademi

കമന, നഥ മകൾക്കവൻ യുവാ,
സമ ധന വംശ നിന്നങ്ങ മെന്നു താൻ
മമതയൊടു മുറച്ചു ചെയ്തു പോയ്,
സമയവുമങ്ങിനെ യത്ഥപാലകൻ. 20

കവി:—അവിഹിത മിഹ രക്ഷ്യരോടൊരാൾ–
ക്കവികലമാം പ്രഭുഭാവം;—അല്പവും
യുവജനഹൃദയാ സ്വാതന്ത്ര്യമാ–
ണവരുടെ കാമ്യ പരിഗ്രഹേച്ഛയിൽ. 21

കഥ:—'മദന' നിതി പുകഴ്ന്നു, മാധുരീ–
സദനമതാമ സഖാ, ഗുണോത്തരൻ,
സദന നികട വത്തി, യുണ്ടൊരാൾ;
ഹൃദയ മവന്നവൾ നൽകി മുന്നമേ. 22

ദുഹിതൃ പരിണയോത്സവം യഥാ–
വിഹിത മൊരുക്കി വഴിക്കു വത്തകൻ;
അഹഹ! പിതൃ നിയോഗ ഖിന്ന, ദു–
സ്സഹ, മഴലപ്പൊഴറിഞ്ഞു ബാലിക. 23

Digitized By Kerala Sahitya Akademi

കവി:—പഴകിയ തരുവല്ലി മാററിടാം,
പുഴയൊഴുകും വഴി വേറെയാക്കിടാം,
കഴിയുമവ;—മനസ്വിമാർ മന—
സ്സൊഴിവതശക്യ മൊരാളിലൂന്നിയാൽ. 24

കഥ:—ഗുരുജന വചനം, കുലക്രമം,
തരുണികൾ തന്നുടെ യസ്വതന്ത്രത,
കരുതിയിവ, മറച്ചു കാമിതം,
കരുമന പൂണ്ടിവൾ കാട്ടി ലൌകികം. 25

കവി:—വിനയവതി യുഴിഞ്ഞു വിട്ടിടാം
ജനക ഹിതത്തിനു തന്നെ തൻ ഹിതം;
അനഘ! നവ, നനന്യ രാഗ; നാ-
യനുകനെ യെങ്ങിനെ യാഴ്ത്തുമാത്തിയിൽ?. 26

കഥ:—കദന മതൊഴിയാതെ കഷ്ട! മീ-
മദന ഗതാശയ മാഴ്കി,-നിഷ്ഫലം:
വിദയ നിയതി; ദുസ്തരൌഘ;—യാ-
നദിയെ യെതൃത്തൊരു ജന്തു നീന്തുമൊ? 27

Digitized By Kerala Sahitya Akademi

സ്ഫുടമഥ വക തെററി യേററുമ-
ക്കൊടിയിയലും ധ്വജ കോടിയെന്നപോല
ഒട്ടവിലവൾ വിവാഹ മംഗളം
തടവി ഗളത്തില, നിഷ്ഠ ദർശനം. 28

സുതയിലകമലിഞ്ഞു, തൽപതി-
ക്കതി ഗുണിതം ധനമേകി പോൽധനി;
നദി വഴിയുദധിക്കു മേകുമി-
ങ്ങുദക സമൃദ്ധി ഘനാഢ്യനാം ഗിരി. 29

പ്രണയിയൊടു പിരിഞ്ഞു നാഥനോ-
ടണവതിനാക്കു മവൾ കെഴുന്നാഴൽ,
ഇണയെ യകലെവിട്ടു ദൂരെ നി-
ഴ്വണമിഹ വിററ കപോതി ചൊൽകിലാം. 30

ഘന ലജ്ജയൊടു യാത്രക്കൂട്ടമാ-
ജ്ജനക വിയോഗ മറിഞ്ഞതില്ലവൾ;
മന മതി ഹത മസ്ത രാഗമാം,
സ്വന മിയലില്ല തകർന്ന വീണയിൽ. 31

Digitized By Kerala Sahitya Akademi

സുതയുടെ മുഖ മാധി കൎശിതം
ഗതനാര ഖേദ മൊടോൎത്തു വൎത്തകൻ;
അതു നിജവിരഹാൎത്തിമൂലമെ-
ന്നഥകരുതി, സ്വയ മാശ്വസിച്ചിവൻ. 32

വരസുഖ വിഭവങ്ങൾ മേല്ക്കുമേൽ
വരനരുളുന്ന തവൾക്കു ദുഃഖമായ്;
നരഹൃദയ മതിന്നു ഭാവനാ—
പരികര മങ്ങിനെ, ഭോഗ മങ്ങിനെ. 33

പതി പിതൃ കൃത നോക്കിൽ യോഗ്യനാം;
കൃതമതിയാമവൾ;—എന്തഹൊ ഫലം!;
ക്ഷിതിയിലൊരു പുമാന്റെ യെന്നിയേ,
സതികൾ പരന്റെ ഗുണങ്ങൾ കാണുമോ? 34

ഘടന, പതി വിലാസി ചെയ്കിലും,
പിട മൃഗനേത്ര കൃപാൎദ്രയാകിലും,
സ്ഫുടമകമലയാതെ മേവിനാൾ,
തട ശിലപോലെ തരംഗ ലീലയിൽ. 35

Digitized By Kerala Sahitya Akademi

ദിനവു, മിതു കണക്കെ മാത്സര്യം;
പുനരഥ പോ, യതി ദീർഘ മബ്ദവും.
ഗുണവതി യവൾ നിന്നു നിഷ്ഠയിൽ;
പ്രണയജമാ മഴലെത്തി കാഷ്ഠയിൽ. 36

'പിണയുമിനി വിപത്തു, ശക്തയീ
പ്രണയിനി' യെന്നു ഹന്ത! കാട്ടിനാൻ,
ക്ഷണ, മകരുണ, മന്യ വൈഭവം,
ഗുണ പരിണാമ പരീക്ഷകൻ വിധി.! 37

അവളുടെ ശയനീയ ശായിയാ
മവനൊരുഷസ്സി ലുണർന്നിടാതെയായ്;
ധ്രുവത യെവിടെ?—ജന്തുവിന്നു ഹാ!
വിവൃത കവാട യനാരതം മൃതി. 38

കവി.— അയി സുഭഗ! വെടിഞ്ഞു ഭൂമി നീ;
പ്രിയയുടെ രാഗ മറിഞ്ഞതില്ലെടോ;
നിയതിഹത നിതോർക്കിൽ ഭവാൻ!
സ്വയമഭിമാന കൃതാർത്ഥ നെങ്കിലും. 39

Digitized By Kerala Sahitya Akademi

കഥ:— ഒട്ടവിലഹഹ!ബന്ധു രോദനം
നടുവിലശങ്ക മവൻെറ യാശുടൽ,
ചടുല ശിഖയിൽ നിർദ്ദയോദ്യമൻ,
ഝടുതി ദഹിച്ചു ചിതാഹുതാശനൻ. 40

വിവിധ ഹൃദയ വൃത്തി വിധേയയായ്,
വിവശതയാർന്നു, വിതുമ്പുവാ മവർ;
മൃഗ യുവതി കിരാത മുക്തയായ്,
വൃകനിര തൻ വഴി ചെന്നു വീണപോൽ. 41

ലീല:—“പതിയെ യനുമരിച്ചു പുണ്യവും,
സതികൾ പെറുന്നു, സമജ്ഞ, സൌഖ്യവും;
വിധവ, വിദയ, വക്രശീല! യീ
വിധമിഹ വാഴ്കയായി, പാപ ഞാൻ!! 42

പലരിനി യശ്രുഭങ്ങളോർത്തിടാം,
പലരപവാദ ശരങ്ങൾ തൂകിടാം,
ഹതയിവളിൽ;-അഹൊ! ഉണർത്തിനാം
പതി വനിത യ്ക്കനഭിഷ്ടനെങ്കിലും 43

Digitized By Kerala Sahitya Akademi

ഒന്നാം സർഗ്ഗം

പരമരിയ കിനാവിലെ ബഹുഫലം
പറക, മനോഭവ, നീ ഭുജിക്കുമോ?
ഉരുരസ മതുനോക്കി യേതിൽ നീ
മരുവിയി, താക്കനി വീണുപോയിതേ!” 44

കഥ:— ഇതി പലവിധമോർത്തുഴന്ന തൻ-
മതി, യവ ളുന്നരു പീഡ തേടിനാൾ;
എതിരിട്ടമഴൽ താങ്ങുമാത്ര,മാ-
ക്കെതിരുജ ഭാവിഭയങ്ങൾ നൽകിടാ? 45

ഇളകില്ല മിതുപോലവൾക്കുടൻ,
ഗളിത ഭയം, മദനോന്മുഖം, മനം,
കളഝടുതി പറിച്ച ഖിന്നമാം,
മുളയതുപോലെ മുതുൻ പൊങ്ങുവാൻ. 46

കവി:—വിനയ വിഹിത ദുഃഖ, വൈശ്യ യി
യനകന്ന മാനസപത്നിമുന്നമേ;
പുന രവരി ലനിന്ദ്യ, മംഗനാ-
ജനമതിനന്നു പുനർവ്വിവാഹവും. 47

Digitized By Kerala Sahitya Akademi

ലീല

കഥ: – വിശസനമതിൽ വാടി വാണിടും-
ശ്വശ്രൂരരെ വിട്ടിറ വല്ല വാറുമേ,
മദനനരികിൽ വാണു രമ്യമാ-
'മുദയപുര'ത്തിനു തന്നെ പോന്നിവൾ. 48

പരിജനമൊടു തണ്ടിലേറി, വൻ-
പെരുവഴി തള്ളി യഖേദ മുത്സുക,
ഒരു വഴിയെ യൊഴുക്കു കാറ്റുമായ്,
തിരയൊടു പോം ചെറു തോണിപോലിവൾ.

പരിസര മതിലെത്തി ലക്ഷ്യമായ്
ചിര വിധുരം പിതൃസൌധമെങ്കിലും,
ഉഴറിയുടനവൾക്കു തൃഷ്ണയാൽ
മിഴി, മദനാകൃതി മുമ്പു കാണുവാൻ. 50

പുനരുരുദമ മാർന്നടുക്കമ-
ഗ്ഗുണവതി, ശൈശവഭാവ നീതയായ്,
ജനകജനനിമാരെ യോർത്തു കാൽ-
ക്ഷണമിടരാർന്നിതു കുട്ടി പോലവൾ. 51

Digitized By Kerala Sahitya Akademi

ലീല:—“ചിരവിരഹിതരെന്നെ യിന്നു ഹാ!
വിരവൊടു കണ്ടിടു മച്ഛനമ്മമാർ;
ചൊരിയുമുടനെ യശ്രു ഹൃഷ്ടരായ്,
ചരിത മറിഞ്ഞഥ, ഖിന്നരായുമേ! 52

ബത! ബഹുതര ഭാഗ്യ മഗ്നയാം
സുത, ഹത ദൈവ, യിവണ്ണ മായിതെ!
ഹിത ജനക, ഭവാനെ ഹേതുവായ്
സ്ഥിതിയിതിനോർപ്പതു, മോർത്തു മില്ലിവൾ. 53

തരുണിയുടെ ബാലം വിശുദ്ധി; വേ-
റൊരുപൊരുൾ;—ല്ല ബലവശ്യതേ ബാലം;
പരമതിനിഹ ഭംഗ മേകുവാൻ
കരുതിയൊരെൻ വിധി യെത്ര ഘോരനാം! 54

പ്രഭുതയിതു ഭവാ—നിനക്കതാം,
നരജന സങ്കട ലേശ പഥ്യമേ,
അഭയമണവു നിന്നൊ ഹാ! ജനം;
പ്രഭവമനർത്ഥ പരമ്പരയ്ക്കു നീ! 55

Digitized By Kerala Sahitya Akademi

ലീല

അകതളിരെയരപ്പു, ഹന്ത! ധീ-
വികലതയേകി വലപ്പു, വെത്ര താൻ,
അകരുണ മനവദ്യലോകരെ
പ്പകയൊടു കൊൽവു, പിശാചവൃത്തി നീ!” 56

കഥ:—പലതിതി ഭയ ശോക രാഗ സം-
കുലമുഴറി ക്കമെനിക്ക തൽക്ഷണം,
ചലഹൃദയ മിയന്ന ചിത്രമാം
ജലധരകാല ദിനാന്ത ലക്ഷണം. 57

അഥ ശിബികയിറക്കി വാതിലിൽ;
ദ്രുതമവൾ നോക്കി ഗൃഹം; ഗതോത്സവം;
വ്യഥ തടവി;—യകത്തു നിന്നുടൻ
ദ്രുത കരഞ്ഞു;—പിതാക്കളെല്ലഹോ! 58

പരിജനമുരചെയ്തു തൽപിതാ
ധരണിവെടിഞ്ഞൊരു മാസമായതും,
പെരുകുമഴൽ കെടാൻ ചിതാഗ്നിയാം
സരസിയിൽ വീണു ജനിത്രി പോയതും. 59

Digitized By Kerala Sahitya Akademi

കവി:—പരമിവളഴലാർന്നു തോഴുവാ
നരുത;-ഥവാ– ദൃഢരാഗബന്ധമേ,
പരഭയമതിൽനിന്നു ജീവിതം
കരയണയിക്ക മദൃശ്യ ബന്ധു നീ! 60

കഥ:— അവികലമഥ തന്നധീനമാ-
യവധി വെടിഞ്ഞ പിതൃസ്വമെങ്കിലും,
അവിടെ വിലമതിച്ചതൊന്നുതാ–
നവ:- ളുതൻെറ സഖീ സമാഗമം. 61

ചിരവിരഹമകന്നു, തോഴിയാം
പരമഥ മോദമിയന്നു വെങ്കിലും,
വിരവൊടു പറയേണ്ടി വന്നഹാ!
വിരസതരം മദനൻെറ വാർത്തതാൻ. 62

പ്രതിഹതികളക, ന്നഭീഷ്ടനാം
പതിയുടെ വേഴ്ച്ചയി ലാശ തേടവേ,
ചതുരയിവളൊഴിഞ്ഞു മറെറാരാ–
ളതുപറയാകഥ 'ലീല' കേൾക്കുവാൻ. 63

Digitized By Kerala Sahitya Akademi

അപഥമതിലവൻ നടന്നതി,-
ല്ല പരയെയോൎത്തുമില്ല നാരിയായ്;
അപകൃത നവളോടു വൈരമി,-
ല്ല പചയമാൎന്നുമില്ല സൌഹൃദം. 64

അരിയമകളെ വിട്ടു വൎത്തകൻ
തിരിയെ നിജാലയമെത്തിയോരുനാൾ,
ചരിത മവനറിഞ്ഞു; പിന്നെയാ-
പ്പുരിയവനെങ്ങ്വത! കണ്ടതില്ലപോൽ. 65

ചെറുതു വികല ബുദ്ധിപോലവൻ
തിരിയുവതന്നു സഖാക്കൾ കണ്ടുപോൽ;
ഒരുകഥയു മതിന്നു ശേഷമി-
ങ്ങറിവതുമി,ല്ലൊരു തുമ്പുമില്ലപോൽ. 66

കവി:— വിധുരതയൊടു നീ തിരഞ്ഞൊരാ
നിധിയിത ഹാ! സതി, ശൂന്യ ഭാണ്ഡമായ്;
ധൃതിതടവുക, യാൎന്നിടാം ശുഭേ,
ച്യുതിയിഹ ചുണ്ടിലണഞ്ഞ പേയവും. 67

Digitized By Kerala Sahitya Akademi

ഒന്നാം സർഗ്ഗം.

കഥ:— ഇടരിനവധിയെത്തുവാനഹോ!
തുടരുകയായ് സ്ഥിരശീല പിന്നയും,
ഇടയിലിഹ മഹാനിപാതയാം
തടിനി കണക്കെ തകർന്ന ജീവിതം. 68

പ്രിയതമനിലഥ പ്രവൃദ്ധമായ്
പ്രിയതയവൾ ക്കകതാരി ലഞ്ജസാ;
സ്വയമവ നിവൾമൂലമല്ലിഹാ!
നിയതമകന്നു ജനാവ ലോകനം. 69

പ്രണയി, നിയതരാഗപാത്രമാം
പ്രണയിനിയാൾ, ക്കപരാധിയെങ്കിലും;
ഗുണനിധി യിവനോ ടവൾക്കെഴും–
ഗണന യതോർക്കിലെത്ര യേറണം?. 70

അവിരള മഥ പെയ്തു കണ്ണുനീ-
രവൾ, കുലനായിക പോക്കിനാളുകൾ;
അവിഹിതത മറച്ചു നിന്നു ഹാ!
യവനിക പോൽ പിതൃശോകമന്തരാ. 71

Digitized By Kerala Sahitya Akademi

ലീല.

കഥ:— പ്രഥിതരഥ യുവാക്കളെത്തിപ്പോൽ
സ്ഥിതിയറിയാതെ മനം ഹരിക്കുവാൻ;
വ്യഥിത, യുവധുഗണങ്ങൾ ചൂഴിലും
ഗത വിധുവാം നിശപോലെ വാണിവൾ. 72

കവി:— കൊതിയസുലഭ വസ്തുവിങ്കലായ്
മതികെട്ടമാറിനി മാഴ്ക മെത്രനാൾ
വിദൂഷിയിവ?–ളഹോ! നിനയ്ക്കുകിൽ
ഹൃദയികളിങ്ങനെ തന്നെ ധന്യരാം. 73

വിലയെഴ മനരാഗ മത്തലാൽ
തുലയുവതല്ല; മറിച്ചു, മേൽക്കുമേൽ
വിലസിട്ടു, മടിയേററ വെള്ളിപോ,
ലുലയതിലൂതിയ പൊന്നുപോലയും. 74

കഥ:— വാടിപ്പെൺകൊടി, യനുവാസരം വലഞ്ഞാ-
ളേവം; തൽപ്രിയനെ വിദഗ്ദ്ധ യിഷ്ടതോഴി
തേടിപ്പോയ്, ശ്രുതിയുടെ ദൂരലീനമാകും
ഭാവത്തെ പ്രണിഹിതയായ ബുദ്ധിപോലേ. 75

Digitized By Kerala Sahitya Akademi

ഒന്നാം സർഗ്ഗം

ഒരാണ്ടവധി തിരഞ്ഞു കണ്ടൊടുവി,
ലേകയായ് രാത്രിയിൽ
സ്ഥിരാശ്രുത യൊരാണ്ടിക്കീ, സുതിന്ദി
ചോലെ പോന്നെത്തിനാൾ;
ചിരാർദ്രിത, ശയിച്ചു ചന്ദ്രികയി,
ലോകബന്ധുവിൻ 'ലീല';—യാ-
വരാംഗിയൊടണഞ്ഞു വാങ്മധു
പൊഴിഞ്ഞതിത്തോഴി താൻ. 76

ഒന്നാം സർഗ്ഗം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം

—:o:—

മൊഴികേ, ട്ടിമവെട്ടിവീർത്തുടൻ,
മിഴിമാ, ച്ചമ്പൊടുനോക്കി തോഴിയെ,
അഴൽ നീക്കു മുഷസ്സെ യാർത്തിയാ
ലുഴലും പത്മിനിപോലെ, സുന്ദരി. 1

സമഭിജ്ഞ കലന്ന വിസ്മൃത-
ക്ലമ, കൈത്താരുകൾ പൊക്കി യോമലാൾ;
സമസൗഹൃദ, താങ്ങി യംഗ,മു-
ന്നമനോൽക്കം തഴുകീടിനാൾ സഖീ.

നിമിഷം സ്ഥിതിനോക്കി നിന്നു, സം-
ക്രമിത സ്നേഹ, മൊഴുക്കലയ്ക്കയാൽ,
കമലം കമലത്തെയെന്നപോൽ,
കമനീയാസ്യക ളാഞ്ഞു മുത്തിനാർ. 3

Digitized By Kerala Sahitya Akademi

രണ്ടാം സൎഗ്ഗം.

ലീല:—"പ്രിയ നെങ്ങു സഖീ?; യനാമയ-
ക്ഷയമില്ലല്ലി'യവന്നു?; ചൊല്ലനീ;
പ്രിയ വാദിനി, നിന്നൊടാ ചിര-
പ്രിയതൻ പോന്നു വരാഞ്ഞതെ ന്തവൻ?" 4

കാറ:— പ്രണയാതുര യേവ'മന്തരാ
തുണയാം തോഴിയെ നോക്കിയോതിനാൾ;
ക്ഷണ, മാസുകുമാരിമേലെഴം-
മണലിൻ പാട്ടതലോടി നിന്നിവൾ. 5

"പറകെൻ പ്രിയതോഴി," യെന്നഹോ!
മുറയായാ ളുട നല്പഭാഷിണി;
"പറയാം സഖി,''യെന്നുരച്ചു, പുൽ-
തറയിൽ താങ്ങിയിരുത്തി മാധവി. 6

സഖി:—ഉരചെയ്തു:—"ഖലായ്ക്ക, സംഭവം
വരുമെൻ തോഴി, യതാത്രതാൻ വഴി;
പരിണാമി, മനുഷ്യ ജീവിതം;
സ്ഥിരമാം സ്നേഹ, മനാഥ മൂഴിയിൽ. 7

Digitized By Kerala Sahitya Akademi

ലീല.

അറികില്ലനുരാഗ മേറയാം;
ഉറിവോർ തൊററിട്ടു; മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം;-
കുറയും ഹാ! സഖി, ഭാഗ്യശാലികൾ. 8

പ്രിയതോഴി,യിതോർത്തു,മിന്നുനിൻ-
പ്രിയനസ്വപ്ന, നതോർത്തു,മൊക്കെ നാം
ഭയമെന്നു നിനയ്ക്ക ഭാവിയെ;
പ്രിയമെന്നാലതു ഭാഗ്യമായി താൻ”. 9

കഥ:— സഖിചൊൽവതിനുള്ളി ലാപ്രിയോ-
ന്മുഖി ചോദി, ച്ചിവളേറു മാർത്തിയാൽ:
ലീല:—‘‘അയി, തോഴി, യസൌഖ്യമെന്തഹോ!
ദയിത?; നെന്തു തടസ്ഥയായി നീ.? 10

നരനേതു വിപത്തു താൻ വരി?
ല്ലരചെയ്തീടുക; യജ്ഞയല്ല ഞാൻ;
പര,—മാമുഖമൊന്നു കാണുവാൻ
തരയുള്ളിൽ;—തരമാകുമോ? സഖി.” 11

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം.

കാ.ഗ:— ഇതുകേട്ട,നുകമ്പയേറി, നി-
ഷ്കുതുകം വാർത്ത തുടർന്നു മാധവി;
സ്ഥിതിയോർത്തു വിഡംബനാർത്ഥമായ്
കൃതി കൈക്കൊൾവു ചിലപ്പോ ഴേവരും. 12

സഖി:—"മരുഭൂക്കളിനൊക്കയപ്പുറ,
ത്തുരു ദൂര, ത്തുത്തരദക്ഷിണാപഥം;
ഉരസുന്നനഭസ്സെ 'വിന്ധ്യ'നാം
പുരുമേഘാംബര ഡംബരൻ, ഗിരി. 13

പരിണാഹ മെഴും മഹാവനം,
ഹരിതാഭം തടവുന്ന സാനുമാൻ;
പരപാർശ്വ മതിൽ ചരിപ്പു,സ
സ്വര 'രേവാ' നദി സാഗരോന്മുഖി. 14

അവിളംബമണഞ്ഞു കണ്ടു ഞാ-
നവിടെ സ്സോദരി, നിന്റെ കാന്തനെ;
അവനെന്നറിയില്ല, ദുഃസ്ഥനാ;
ണവനത്തിന്നു വനത്തിലില്ലൊരാൾ. 15

Digitized By Kerala Sahitya Akademi

ലീല

തനിയേ യഴൽ പൂണ്ടു-തോന്നിടും
കനിവാക്കും-കൃശശ്ശുഷ്ക ഗാത്രനായ്,
വന വാസി തകർത്ത ശൈലമൊ,
ത്തന വദ്യാകൃതി യസ്ഥിമാനവൻ. 16

മൃഗ പക്ഷികളോടു വേഴ്ച്ചയായ്,
ഭുമിവിൽ പ്രേത സമം നടക്കയാം;
അകമ്പത്തില്ല മാളുകാൺകി ലാ
വികലാത്മാ വെടിയുന്നിത സ്ഥലം. 17

അതുകൊണ്ട ഫല പ്രയാസയാ,
യതുലസ്നേഹ നിധേ, മടങ്ങിനേൻ;
കൃതിസാദ്ധ്യതയോത്തു കാമ്യമാം
കൃത കൃത്യത;—മറിഞ്ഞു വാത്ത ഞാൻ. 18

പല ജന്തു പരീതനാമവൻ-
നിലകണ്ടാർദ്രതയാൽ സനാഥകം,
മല വേട്ട വെടിഞ്ഞു ദൂരവേ
വിലപിപ്പൂ സഖി, വേടനാരിമാർ. 19

Digitized By Kerala Sahitya Akademi

അവരോതിയശേഷ മോമലെ,
വിവരം, കാനന പക്കണ സ്ഥകൾ,
പുര വാസികൾ തന്നനാർജ്ജവം
തിരിയാത്തോ രതി ശുദ്ധ ശീലകൾ. 20

ഇവർ കണ്ടൊരു രണ്ടു കൊല്ലമാം;
സവിധത്തിൽ സഖി, യന്ന സുന്ദരൻ,
അവശൻ ബത! 'ലീല' 'ലീല'യെ-
ന്നവിടെപ്പാടി നടന്ന പോലിവൻ. 21

ഇതുകേട്ടു ഞടുങ്ങി നെഞ്ഞ, മുത് -
സ്രുതമായശ്രു കവിൾത്തടങ്ങളിൽ
വിതതേക്ഷണയാൾക്കു; തോഴിക-
ണ്ടിതു, മൂർച്ഛിച്ചെഴമിന്ദു രശ്മിയാൽ. 22

ഇടറുന്നിതുകണ്ടുമസ്സഖി,
കൂട നാശിക്ഷിത ചിത്ത മാരഹോ!
തുടരുന്നിതു ചൊൽക, കേൾക്കയും
സ്ഫുടമന്യോന്യ മറിഞ്ഞു മാർത്തികൾ. 23

Digitized By Kerala Sahitya Akademi

ലീല

‘പ്രിയവല്ലഭയെപ്പിരിഞ്ഞു, ഹാ!
ദയനീയൻ തിരിയുന്നു’ വെന്നുതാൻ
നിയതം കരുതീ കിരാതിമാർ;-
സ്വയമോരും സഖി, സത്യമാരുമേ. 24

പലരീ കഥ മൂളുവോർ, കൃതി,
ച്ചലിവോട്ടം, സ്ഥിരരാഗ ലോലകൾ,
മലയത്തിക;—ളേതു ജാതിയും
കലരും പ്രാകൃത ചിന്തയൊന്നുതാൻ, 25

പരമൊത്തിതു, സൌഹൃദവ്രതൻ
പരലോകത്തെ ഹരിക്കിൽ നിൻ പ്രിയൻ:
ഒരു ദേഹിയിവണ്ണ മന്പെഴാ,
നരരിൽ താൻ സഖി, ദേവരോടുതാൻ. 26

അനുരാഗമതാ ണവങ്കലാ,-
ന്ന വശം വിട്ടു നിസർഗ്ഗ ചേഷ്ടകൾ,
വന സത്വ കുലങ്ങൾ ചൂഴ്ന്നിട്ടു,
ന്നിവനെ, പ്പൂവിനെ മക്ഷികാളിപോൽ. 27

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം

അഥവാ–മൃത കല്പനിപ്പൊഴാ
പ്രഥമാന പ്രണയാർത്ത; നോക്കുകിൽ
കഥയും, സുകുമാരി, പിന്നെ, നിൻ
വ്യഥയും നീട്ടുവതെന്തിനിന്നു ഞാൻ? 28

സ്ഥിര മാത്മനിബന്ധനം സുഖം;
പരതന്ത്രം സുഖമൊക്കെ ദുഃഖമാം
പരമാർത്ഥമുര പ്പ തോഴിഞാൻ;–
കരുതീടൊല്ല കഠോരയെന്നു നീ. 29

നിലനില്ക്കുവതെത്ര കാല മു-
ജ്ജ്വലമാ മിപ്രണയോഷ്ണ രശ്മിയിൽ
വിലയോന്മുഖമായ തിങ്കളിൻ
കലപോൽ ഹാ! സഖി, തേഞ്ഞു തേഞ്ഞവൻ.

കൃശമാക്കൊല്ല കേണു ജീവിതം;
കുശലേ, നിൻ കുശലം നിനയ്ക്കു നീ;
ശിശിരാർദ്രിത മാകു മാ ദലം
ബ്’ഭ്രശമി ത്തെന്നലിൽ വീണടിഞ്ഞുപോം. 31

Digitized By Kerala Sahitya Akademi

കഥയിങ്ങനെ, പിന്നെയുത്തമം
വിധുരെ, നീയതു വിസ്മരിക്കയാം;
അഥവാ—ചിര കാലമാസ്ഥയാൽ
മധുര സ്വപ്ന സമം സ്മരിക്കയാം. 32

അനപത്യമതാം കുലത്തിനും,
മനമെത്താത്ത മഹാ ധനത്തിനും
കനിയും സ്വജനത്തിനും സഖീ,
യിനിയിങ്ങോർക്കണ, മേക നാഥ നീ. 33

അതുനില്ക്കുക, ഭാഗ്യവാ നവ
ന്നിതുതാനെന്തൊരു ചാരിതാർത്ഥ്യമാം:
അതി ലോക മനോഹരാംഗി, നിൻ-
മതി തൽപ്രേമ വിധേയയായിതേ!. 34

നിരൂപിക്കുക, നീ വരിപ്പൊരാ
പ്പുരുഷൻ വൈകൃത മേലി ലെന്തതിൽ?
അരുളും ഭ്രമ മൊന്നു കാൺകിൽ നിൻ-
തിരുമൈ സുന്ദരി, നാരിമാർക്കുമേ. 35

Digitized By Kerala Sahitya Akademi

കാ.ദ:—അതിനാൽ സഖി" എന്നുചൊല്ലവേ
ശ്രുതി രണ്ടും ബത പൊത്തിയാതുര,
"മതി, കാന്ത ഗുണാവമാനിനീ,
മതി" യെന്നാശു തടുത്തിതോതിനാൾ: 36

ലീല:—"അയി, ചാരുതരാന്തരംഗേ, നെൻ-
ദയിതൻ, ദേവസമൻ, മഹാ മതി,
സ്വയമോർപ്പവനല്ല തോഴി, ഞാൻ-
മയ മീ ഭംഗുര ഭംഗിയാ മുടൽ. 37

രതി നിത്യ മൊരാൾക്കൊരാളിലായ്
സ്ഥിതി ചെയ്കിൽ സഖി, പെണ്ണിനാണിനും
അതിലും വലുതില്ലഹോ! വ്രതം;-
ധൃതിമാ, നെന്തൊരു ധന്യ, നെൻ പ്രിയൻ! 38

അവനെ പ്രണയൈക വൃത്തിയാൽ
കവളിപ്പിച്ചു നൃശംസ ഞാൻ സഖീ,
നവരാഗി ഗണിച്ചതില്ലിവൻ
ഭവനാവസ്ഥയ, മെന്റെ ശോഭയും. 39

Digitized By Kerala Sahitya Akademi

അനവാ പറയേണ്ട; യോഗ്യതൽ—
കഥ ഞാൻ; തോഴി, യനാദരോക്തികൾ
വ്യഥ മാററുകയില്ല; വേണ്ട; യ-
ന്മഥനം ചെയ്യുമതേറെ യെന്മനം. 40

അയി, പിന്നെ വിപന്നനായ മൽ—
പ്രിയനിൽ സ്നേഹമെഴാത്തനിൻ പ്രിയം,
നയമോർക്ക—യെനിക്കു നൽകണം
സ്വയമേററം രുജ, പക്ഷ പാതിനീ! 41

ഉരചെയ്ത, നവന്നധീന, യെൻ-
സ്ഥിരയാം ചേതന;—യുക്തിയാൽ സഖീ,
കരുതാത്ത കരസ്ഥ മാക്കുവാ
നെരിയും ജ്വാലയെ, യിന്ധനം വിനാ. 42

ഒരു കില്ലിനി വേണ്ട, ദൂരവും
നിരൂപിക്കേണ്ട, നയിക്ക യെന്നെ നീ
വിരവിൽ സഖി, ജീവിതേശ്വരൻ
മരുവുന്നേതൊരു ദിക്കിലെങ്കിലും" 43

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം

കഥ:—ഇവ കേട്ട കുഴങ്ങി, തോഴി തൻ-
വ്യവസായം ദൃഢമോർത്തു കണ്ടുമേ
സഖിയാൾ, നിജ കൃത്യ ബോധമാം
ശിഖി ധൂമാകുല മാകയാലവൾ. 44

ലീല:—"ഇത വെള്ളിയുദിച്ചു; വാടിയിൽ
ബത! കൂവാൻ തുനിയുന്നു പക്ഷികൾ;
സ്ഥിതി രാവിനു മാറിടുന്നു മു-
മ്പതിദൂരം സഖി, പോക പോക നാം" 45

കഥ:—ഇതി പിന്നിയു മിഷരാഗയാ
ളധികോൽ കണ്ഠമഹോ! ത്വരിക്കവെ,
മതിശാലിനി വാച്യ ഭീതിയാൽ
ക്രുധയാന്നി, ങ്ങിനെയോതിനാൾസഖി: 46

സഖി:—"മുറ മുഗ്ദ്ധമതെ, മറന്നു നീ
പുറമേ സൈ്വരണിപോൽ ചരിക്കയോ?
പറ, കെങ്ങിനെ സമ്മതിപ്പു ഞാൻ
വെറുമുന്മാദികൾ തന്റെ യിത്തൊഴിൽ? 47

Digitized By Kerala Sahitya Akademi

അതുപോട്ടെ, വഴി ദീർഘയാത്രയാം,
ഞാനുമല്ലോർക്ക, സുഖാസനോചിതേ,
അതി ഭീകരമെങ്ങു വിന്ധ്യപ-
ദതി? നാമെങ്ങസഹായ നാരിമാർ? 48

ഇവയൊക്കയുമാട്ടെ,-തോഴിയ-
ങ്ങെവിടെക്കാണുവതപ്പുമാനെ നീ?
അവനെത്തിരവോർ തിരഞ്ഞു പോം,
പവനൻതന്നെ വനാന്തരങ്ങളിൽ. 49

പാര മിന്നതു, മല്ലി തോൾക്കിൽ
വരനില്ലാത്ത വിവാഹ ഘോഷമാം;
സ്ഥിരമല്ല സുബന്ധമാക്ക, മാ,
നരകങ്കാള, മതേലു മെത്രനാൾ.? 50

അതി വത്സല ഞാൻ;- പരം സദാ
മധുരിക്കാ സഖി, സത്യ ഭാഷിതം;
ബുധരപ്രിയ സത്യമോതുകി,
ല്ലതു താൻ നീതി;—യിതോർക്ക സൌഹൃദം. 51

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം.

വിധി വിശ്വസുഖം സ്വദിക്കുവാൻ
മതിയും, മർത്ത്യനു നല്കി രാഗവും;
രതിയാലസമീക്ഷ്യ കാരിയാം
സുധി, ധാതാവെ യനാദരിക്കയാം. 52

സ്ഥിതിയോർത്തു കഥിപ്പു നന്മ ഞാ-
നതിമോഹാകുല മിന്നു നിന്മനം;
അതിനാൽ വിരമിക്ക; പോകുകിൽ
ക്ഷതിയുണ്ടാം, സഖി, മാനഹാനിയും. 53

പര,മിമ്മൊഴി പീഡ നൽകി,യ
ക്കരുണാർദ്രയെ, കുലായമെത്തുവാൻ,
ചിറകാർന്നു വിതുർത്തൊരാർത്തമാം
ചെറു പക്ഷികൾ, ചുഴന്നകാററുപോൽ. 54

പുനരെങ്കിലുമൂഢ ശക്തിയാം
മനതാർ വിങ്ങിയുടൻ വിടർന്നപോൽ,
അനവദ്യഗുണാഢ്യ തൂവി യീ
ഘന സൌരഭ്യമിയന്ന വാണികൾ:— 55

Digitized By Kerala Sahitya Akademi

ലീല:— വിഹിതാ വിഹിതങ്ങ, ളോൎത്തയെ
മഹിതം സ്റ്റേഹമഹോ! മറക്കൊലാ;
ഇഹ ധൎമ്മ രഹസ്യ മന്തരാ-
നിഹിതം; നിത്യവിഭിന്നമാം നയം. 56

അറിയും ജനനീതി സീമയെ
ത്തിറമായ് കാക്കമപൂൎണ്ണ രാഗികൾ;
നിറയും രതി, ലോക സംഗ്രഹം
കുറിയാക്കാ, സഖി, ക്രൂസലാൎന്നിടാ. 57

സുപരീക്ഷിത മിപ്പോഴെന്മന-
സ്സപശങ്കം സഖി, മുമ്പിതേലുകിൽ,
ത്രപ വിട്ടിവൾ ചെയ്യുമായിതാ-
നപരോക്ഷം പ്രിയഹസ്ത പീഡനം. 58

ഉടലോൎക്കുക ബാഹ്യ, മായതിൽ
തടവും ലോക മതീവ ബാഹ്യമാം;
സ്ഫുട സൌഹൃദ മാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി! ദേഹികൾ? 59

Digitized By Kerala Sahitya Akademi

അല്പമിന്നതി ഭീതി;യെന്മന
സ്സുലയാ; ധീമതി, പേടിയാ, ദൃഢാ
കുലനീതിയെ,'മാംസ കഞ്ചുകം
വില വയ്ക്കാത്ത വിശേഷ വേദികൾ. 60

മരണം ഭയ സീമയായ് സഖീ,
കരുതും ജീവികളിങ്ങനാരതം;
വിരഹാർത്ത യിവൾക്കഹോ! ഭയ-
ങ്കരമായ് തീർന്നു ധരിക്ക ജീവിതം. 61

പുനരെന്തു ചെയ്‌വു? പോകനാം;
നിനയായ്കുത്തൽ; നടക്ക നാം ദ്രുതം;
മനതാരരുളുന്നു: കാന്തനാ
വനഭാഗം സഖി, വിട്ടുപോയിടാ. 62

പരമെൻ മിഴികാൺമു, വെന്നെയോ
ത്തെരിയും നെഞ്ചൊടു കൺവിടുന്നുകേൾ,
മരുഭൂവെയിലിൽ ജലാർത്ഥിയായ്
തിരയുംമാനോടു തുല്യമെൻപ്രിയൻ. 63

Digitized By Kerala Sahitya Akademi

വരുവേൻ പ്രിയ, കേണിടായ്ക, യെൻ
കരൾ നിൻ കയ്യിൽ, വപുസ്സുമെത്തുവാൻ
പുറകെ തരമായാൻ, വച്ചു ഹാ!
ചിറകില്ലാഞ്ഞിവളീർഷ്യ പക്ഷിയിൽ. 64

സ്ഫുടമെൻ സഖി, ചൊൽവ, നെൻപ്രിയൻ
വെടികില്ലെന്നെ വെടിഞ്ഞു ജീവിതം;
പരിണാമി, പിരിഞ്ഞു പോകയി-
ല്ലൊരു ദൂരാതപരേഖയും രവി. 65

സ്ഥിര ചേതനകൾക്കഹോ! പര-
സ്പരമേലും സമവായ വൈഭവം
പരനിങ്ങറികില്ല; പണ്ഡിതേ,
കരുതായ്കയതു മോഹമെന്നു നീ. 66

ഇരവാശു കഴിഞ്ഞിടുന്നിതാ!
വിരഹോൽ കണ്ഠ പൊറാഞ്ഞു വാപിയിൽ
തിരിയെ പ്രിയയെ ത്തലോടുവാൻ
കരയുന്നു സഖി, കോക നായകൻ! 67

Digitized By Kerala Sahitya Akademi

രണ്ടാം സർഗ്ഗം.

സകരുണമിതു ചൊല്ലി സ്സഹ്യ
  മുല്പാഞ്ഞു താപം
പികമൊഴിയഴുതപ്പോൾ തോഴി
  കണ്ണീർപൊഴിഞ്ഞാൾ;
അകലയുമന്തകമ്പാ ശാലികൾ
  കന്ന്യ ദുഃഖം
പകരുമിഹ സമക്ഷം പിന്നെ
  യോതേണ്ടതുണ്ടോ? 68

രാവപ്പോൾ വരിമിക്കില്ലം, സഖി പരീക്ഷി-
  ച്ചെന്നവണ്ണം സ്വയം
ഭാവം മാററി,യുടൻ പ്രസന്ന കല ദൈ-
  വമ്പോലെ യമ്പാന്നവൾ,
പോവാൻ ഭൃത്യരുമായ് തുനിഞ്ഞു വെളിവായ്,
  ലീലയ്ക്കു വിന്ധ്യേശ്വരീ-
സേവാബദ്ധകുതൂഹലം ഹൃദയമെന്ന
  ങ്ങാരുമോരാ വിധം. 66

Digitized By Kerala Sahitya Akademi

പിന്നിട്ടേററം വഴി, പലദിനം കൊണ്ട
ണഞ്ഞാ വനാന്തം
മുന്നിൽ കണ്ടി,ട്ടവരിരുവരും പോയി
തക്കാട്ട നോക്കി,
പിന്നിൽത്തള്ളി പരിജനമത്തും,
സ്വപ്നമാകും പ്രപഞ്ചം
തന്നിൽ ബാഹ്യേന്ദ്രിയ മകലെയായ്
ച്ചിത്ത സത്വങ്ങൾ പോലെ!

രണ്ടാം സർഗ്ഗം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

മൂന്നാം സൎഗ്ഗം.

—:o:—

അഥ വന തട മാൎത്തിയാൎന്ന ണഞ്ഞി,
യധരിത കിന്നര നാരിമാ രലഞ്ഞാർ,
പൃഥു മുകിലി ലകന്ന കൂട്ട തേടും
വിധുര വലാകകൾ പോലെയങ്ങുമിങ്ങും. 1

കുസുമിത വന കാന്തി യാത്മ കാന്താ-
വ്യസനിനി ലീല വിചാരിയാതെ പോയാൾ;
അസുലഭ മണിതേട്ട മാരു നോക്കു,
ന്നസദൃശമാകര മാൎന്ന ധാതു ഭംഗി. 2

ഒരു വഴി തിരിയുമ്പൊ ഴോമലാൾക്ക
ങ്ങുരു തര ചമ്പക ഗന്ധി, യന്തരംഗം
പരിചിലുടന ഹരിച്ചു, 'നൎമ്മദോ'ൎമ്മീ-
പരിചയ ശൈത്യമിയന്ന മന്ദവായു. 3

Digitized By Kerala Sahitya Akademi

ലീല:---സുഖദ മയി! വരുന്നിതെങ്ങു നിന്നോ
സഖി, യിത ചമ്പക ഗന്ധ, മെന്തു ചിത്രം!
മുഖരസമിതുമാററി മിന്നു കല്ലീ?
നിഖിലവനാവലി നിദ്ര വിട്ടപോലെ. 4

നലമൊടു തരുനായകോപകണ്ഠം
പലതിത! പക്ഷികൾ പാടിടുന്ന ഗീതം;
തളിരു മലരുമാന്റെ തെന്നലേററി
ലളിത ലതാവലി ലാസ്യമാടിടുന്നു. 5

ഭിദുര, മഹഹ!! പൂവ് വിസ്മൃതി ക്കീ
മൃദുതര വായുതരംഗ രംഗലോലം,
ഹൃത ഹൃദയ, മഹൊ! വരുന്നു തോഴീ
ഹിതകര മീവഴിഹേമ പുഷ്പഗന്ധം. 6

ഇവിടെ യിളയതെന്നാൽ തന്നിൽ മുങ്ങി
ട്ടവികല നിർമ്മലരാക പോകുവാൻ നാം;
എവിടെ മണമിതുത്ഭവിപ്പു വങ്ങെ-
ന്നവിതഥ ജീവിത ദൈവതം വസിപ്പൂ. 7

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം.

വരുവിനിവിടെ യെന്നാലിഞ്ഞു നമ്മെ
ത്തെരുതെരെ യീയടവിക്കു തെക്കുമാറി,
ഉരുകിസലയ ചാരു ശാഖയാട്ടി
ത്തരുനിര മാടി വിളിപ്പു കാൺകതോഴി." 8

കവി:—അരുളിയവള്ളിവണ്ണ മാവഴിക്കായ്
ത്വരയൊടുമുമ്പു നടന്നു തെററിടാതെ,
കരുതിയ മുതൽ നോക്കുവാൻ വനത്തിൽ
പരിചിതയാ മുടമസ്ഥ പോണ പോലെ. 9

ഗിരികടകമണഞ്ഞു മഞ്ജു രേവാ-
പരിസരമാർന്നിവർ കണ്ടു വിസ്മയിച്ചാർ
ഉരുകുസുമ മുദാരശോഭ മാരാ
ലൊരുവനഭാഗ മുഷസ്സുപോൽ മനോജ്ഞം. 10

ഉടനെ യുടൽ ഞെടുങ്ങിയങ്ങു പൊൻ പൂ-
വിടപികൾ കണ്ടതിമോഹ ലോഹിതാംഗി
തടവി പുളകപാളിയാംഗമെങ്ങും
സ്ഫുടമവൾ പൂക്കു മശോക ശാഖപോലെ. 11

Digitized By Kerala Sahitya Akademi

തൊഴുതു കരമുയർത്തിയാ വനത്തെ-
പ്പൊഴിയുമനല്പ ബാഷ്പ വൃഷ്ടിയോടും,
തഴുകി നിഴൽകണക്കെ മൂകയായ് തൻ-
വഴി തുടരും സഖിതന്നെ വിഹ്വലാംഗി. 12

തനുഭരമവൾ താങ്ങവേ വിലങ്ങു-
ന്നനല ശിഖോജ്ജ്വല മാകമേകദേശം
വനമതിലഥ ചൂണ്ടി നിന്നു വീണ്ടും-
നിനദ സമുൽഗതഗദ്ഗദം കഥിച്ചാൾ:— 13

ലീല:—"കുസുമ ശബള കാന്തിയാം നഭസ്സിൽ
പ്രസൃമരമാം സ്ഫുടചമ്പകാതപത്താൽ
അസമയ രമണീയ മത്രകണ്ടോ?
സുസഖി! യുഷസ്സുഷമയ്ക്കു നിത്യഭാവം. 14

വിലസി വെയിലിലിങ്ങു ചിത്രവർണ്ണം,
ചലദനിലം പ്രതിചാരു ചിത്രഗന്ധം,
പല വിസൃമര ചിത്രനാദ, മേക
നാലക, കുതൂഹല മെത്രഭൂരിഭേദം! 15

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

ഗഗനതടമിടിഞ്ഞു താണതൊക്കം
നഗപതി നീലനിതംബ ഭ്രൂവിലോളം
ഭഗിനി! പറകയെന്തി താന്തിങ്ങി
യഗണിത ഭംഗി, യഭവ്യ മർത്ത്യലോകം. 16

അനഘനമരകല്പനെന്റെ നാഥൻ
വനമിതിൽ വാഴണ മില്ലകില്ലതോഴീ;
തനതു ഗതി തടഞ്ഞു നിന്നതേ,യെൻ
മനമിഹ, മന്ദുര കണ്ട വാജിപോലെ. 17

അയി സഖി! നവ ചമ്പകോത്സുകൻ മ-
ദ്ദയിതനഹേതുകമായി, ഹേതുവോർത്തും;
സ്വയമവനമിനിക്ക മാളി,യേതൽ-
പ്രിയകര മഞ്ജരി മഞ്ജുദൂതിയായി. 18

അനഘനവനഹേമ മഞ്ജരീ, ഹാ!
മനതളിരിൽ പ്രിയരിങ്ങു രണ്ടുപേർ താൻ;
അന്തര സമ ഭ്രുതി, പൂവിൽ നീയും,
വനിതകളിൽ ബത! ഭാഗ്യഹീന ഞാനും. 19

Digitized By Kerala Sahitya Akademi

വിധുത, യിളമരുത്തനാൽ; മിഹസ്സാ
ലധരിത താരക താരിലോമലേ നീ;
മധുപമലിനർ തീണ്ടുകില്ല നിന്നെ,
വിധുരവനാവലിവല്ലിലമ്പടന്മാർ. 20

അഹഹ! രമണ, സാത്ത്വമിസ്സുമത്തിൽ
സഹജരസം ഭവദീയ രാഗയോഗം;
മഹദഭിമത മിങ്ങു ശീലമോരാൻ
സഹചരരേക നിർദശനം മഹാത്മൻ;” 21

കഥ: — ഭ്രമമതിലഥ നോക്കി നിശ്വസിച്ചു
സ്സുമരുചിയാർന്ന മനോജ്ഞ ഹസ്തതാരാൽ
റസുമമലിവൊ ടിറുത്തുമുത്തി, മാറിൽ
കമനിയണച്ചു,ഥ ചൂടി ചൂഡതന്നിൽ. 22

ക്ഷണമുടനെ നിനച്ചു നിന്നു സാദ്ധ്വീ-
മണി യഥ നിശ്ചയ മാർന്നപോൽ നിവർന്നാൾ;
“പ്രണയി യിവിടെ യുണ്ടു തോഴി, പോന്നി
ങ്ങണയു മലംകൃത യാക്കുകെന്നെ” യെന്നാൾ. 23

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

ലീല: — "അവഹിത മിതകേൾ! പ്രതിധ്വനിക്ക-
ന്നവിരത മാർത്തി നിബന്ധന സ്വനങ്ങൾ;
ഇവിടെ വഴികൾ ഹന്ത! വേർതിരിക്കാ,
മവനുടെ സംഗമഗന്ധ ബന്ധുരങ്ങൾ!!. 24

വെടിയുക വിചികിത്സ വത്സലേ, നീ
പ്പടിമ മദിന്ദ്രിയ മാർന്നിടുന്നപാരം,
പൊടി ഝടിതി തുടച്ച ദർപ്പണം പോ-
ലടിതെളി വാർന്നൊരു വാപിതൻ ഹൃദംപോൽ.

സ്വവശ സുലഭ ഭൂഷയാലണഞ്ഞെ
ന്നവയവ പങ്ക്തിയലങ്കരിക്ക തോഴി,
സവിധമതിലണഞ്ഞു കാണണം കേ—
ളവികല ശോഭ യൊടെന്നെ യാത്മനാഥൻ." 26

കഥ: — ത്വരിത മിതരുൾ ചെയ്തു തോഴിയോടായ്
സ്ഫുരിതതനുപ്രഭ യോടി ബദ്ധ വേഗം,
തരുണി തരുനികുഞ്ജ മൊന്നു പുക്കാൾ,
തരള തടില്ലത കന്ദരം കണക്കെ. 27

Digitized By Kerala Sahitya Akademi

ഉടനെ മതമറിഞ്ഞൊരുക്കി നൽ പൂ-
മ്പൊടി പുരളു പൂന്നിര നല്ലപല്ലവങ്ങൾ
ഝടിതി യിവയൊടൊത്തു തോഴിവള്ളി
ക്കുടിലതിലെത്തി വസന്ത കാന്തിപോലെ. 28

അനുപദമണിയിച്ചു ജന്മരമ്യം
തനുതെളിവാൻ വെളിക്കു നിർഗ്ഗമിച്ചാൾ,
ഘനമനല പുടം വെടിഞ്ഞു കാളും
കനക ശലാക കണക്കെ കോമളാംഗി. 26

വിരളമണി സുമങ്ങൾ പൂണ്ടുമംഗം
പരിഹിത നീല നവാംബരാഭകൊണ്ടും,
പരിണതസുമകാല തുല്യമാർന്നാൾ
സ്ഫുരിതപരാഗമനോഹരം വരാംഗീ.. 30

അരികിലഥ വിചിത്ര വർണ്ണമേലും
വിരിതടവിട്ടുമോരാനതൻ പുറംപോൽ
തരുമലർ നിരവീണു ഭംഗിതേടു
മൊരു ശിലമേൽ തനു ഗാത്രി ചെന്നിരുന്നാൾ.

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

അവിട മറികയാലു മാളി ലീലാ
വ്യവസിത സിദ്ധിയിലാശ വയ്ക്കയാലും
സവിധ മതിൽ മറഞ്ഞു വിശ്രമിച്ചാ-
ളവയവനാദ മസഹ്യ മാകയാലും. 32

മട്ടമലർ ശിലതന്നി ലന്തിമേഘ
ക്കോട്ടുമുടി പററിയ താരപോൽ വിളങ്ങി,
തടമതിലഥ തന്വി നോക്കി, നോട്ടം
സ്ഫുട കിരണങ്ങൾ കണക്കെ നീട്ടി നീട്ടി. 33

പ്രിയമൊഴി വനദേവരോതിടുംപോൽ
സ്വയമുട പൊങ്ങി കപോതഗൂഢഘോഷം;
പ്രിയനുടെ കഥപോൽ പ്രവൃദ്ധരാഗം
കുയിലുകൾ പാടി കുഹൂ കുഹൂ നിനാദം. 34

അളി പടലികൾ മൂളി; രന്ധ്രമെല്ലാം
മുളകൾ മരുത്തിലുലഞ്ഞു മെല്ലെ യൂതി;
തളിർ നിര മുട്ട താളമേകി; യേവം
കളകളമായതി മോഹനം വനത്തിൽ. 35

Digitized By Kerala Sahitya Akademi

"വരിക ഹൃദയനാഥ വൈകി കാണ്മാൻ,
തിരുവടി മൗലിയിൽ വെക്കുവൻ മഹാത്മൻ,;
തരിക ചിരവിയുക്ത ദർശനം നീ,
കരുണ വാരിക്കുക, ദാസിഞാൻ ദയാലോ,."

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ലീല:— “വരിക ഹൃദയനാഥ, വൈകികാണ്മാൻ,
തിരുവടി മൌലിയിൽ വയ്ക്കുവൻ മഹാത്മൻ;
തരിക ചിരവിയുക്ത ദർശനം, നീ
കരുണ വഹിക്കുക, ദാസി ഞാൻ ദയാലോ,. 36

അരുതു ചെറുതുമെന്നിലപ്രിയം, ഞാ
നൊരുപിഴ ചെയ്യുതിനോർക്ക ശക്തയാകാ;
സുചിരചരിത, മദീയ ജീവിതത്തിൽ
പരമവധി വാഞ്ഛയിനിക്കു നിന്നിലല്ലോ. 37

തരുമവസമതി താത, നിങ്ങുകാലം
വരുമതിനെന്നിവളും നാഥ, കാത്തിരുന്നേൻ;
ഗുരുജന ഭയ പഞ്ജരസ്ഥ കഷ്ടം!
പരനു പൈങ്കിളിപോലെ ദത്തയായേൻ 38

അതുവരെ യഭിമാന മാൻഹാ! ഞാ-
നതുല, ഭവാനൊടു തുല്യ ശീലയെന്നായ്;
അപഹൃതിയ മൂല്യരത്നമെ, യീ
ശ്ലഥ മതി നിൻ ദയനീയ ഭൃത്യയെന്നായ്. 39

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

കരുതു വതിഹ ചെയ്യുവയ്യ; ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാവിചാരം;
പരമഹിത മറിഞ്ഞുകൂട; യായു-
സ്ഥിരതയുമി,—ല്ലതി നിന്ദ്യമീനരത്വം.! 40

പരവശയിവളപ്ര ഗത്ഭയാം നാൾ
വിരസത ചേർത്തതിൽ വന്നതോ വിരോധം;
വരിക, യനുഭവിക്ക, കഷ്ടം പോയി
പ്പരിണതമാം ഫലമിപ്പൊഴോമനേ, നീ. 41

ചിരതരമയിനാഥ, നിന്നിൽ വാണെൻ-
കരളുമിയന്നു ഗുണോൽക്കരം സരിതാത്മന്;
കരുതുക, യതു മൂല മെന്നെയോർത്തി-
ലൊരു നിമിഷാർദ്ധവുമന്യനുള്ളതായ് ഞാൻ. 42

മതിഭയ മാധവാ—മദുത്സകൻ നീ;
യതിവിമലാശയ, നന്യഥാ ധരിക്കാ;
ദ്യുതിയിലിരുളെഴില്ല, രാഗശുഭ്രവാം
മതയിൽ മലീമസ ശങ്കയങ്കുരിക്കാ. 43

Digitized By Kerala Sahitya Akademi

കുയിലിണയിലലിഞ്ഞു പാടിടുന്നു;
മയിലിതതൻ പിടയൊടു മാടിടുന്നു;
പ്രിയയെ പ്രണയിച്ചിടുന്നു സിംഹം;
പ്രിയതമ, നീ യണയാഞ്ഞു ഞാൻ വലഞ്ഞു. 44

ശരി, നയന പഥത്തിൽ നിന്നിടുന്ന
ണ്ടൊരു നിമിഷം പിരിയാതെ യോമനേ, നീ,
പര, മതു നിഴൽ പോലെ യിന്ദ്രിയങ്ങൾ
ക്കരെതിദ ദർശനമായി,-ഞാൻ വലഞ്ഞു. 45

അവ ഭയ മഴലേറിയോമനേ! പോ
നിവിട മണ്ഡതിലാം നിന്റെമേനികാണ്മാൻ;
അവശതയേറുകുന്നു, നിന്നെ നീയി
ന്നെവിടെ മറച്ചു? നാഥ, ഞാൻവലഞ്ഞു. 46

പ്രണയ ശിഖയിൽ വെന്തിടുന്നിതാത്മാ;
വരിക; തെന്നലണഞ്ഞു ചമ്പകത്തിൽ;
ഫുല്ലതടവ്യക, യെന്റെ യോമനേ,പോ–
ന്നണയുക, നിൻ പ്രിയ,'ലീല' ഞാൻ വലഞ്ഞു"

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

കരുണ കരുണ മീവിധം പുലമ്പി
ക്കരുമനയാലവൾ മൂർച്ഛയാർന്നിരുന്നാൾ,
വിരതപ വന വാപിപോലെ, വണ്ടിൻ
വിരുതമടങ്ങിയ ഗുല്മ മെന്നപോലെ. 48

പ്രണയ നിഭൃതചിത്ത മങ്ങനങ്ങാ
തിണകളെ നോക്കി മൃഗങ്ങളൊക്കെനിന്നു;
ഗണമൊടു പതഗങ്ങൾ പാതിപാടി
ക്ഷണമറിയാതെയിരുന്നു ശാഖിതോറും. 49

ചടുല ലതകളാടിടാതെ ചാഞ്ഞാ
വിടപികൾ മേല്വന മൂർച്ഛയാർന്നു നിന്നു:
അടവിയധിക മൌനമാർന്നു, മേളം
ഝടിതി നിറുത്തിയ രംഗ ഭൂമിപോലെ 50

നിയത ചരമയാന, നപ്പൊഴോജഃ
ക്ഷയ ദയനീയ നഹസ്കരൻ തല്വോടി,
സ്വയമുപചിത രാഗമാം കരത്താൽ
പ്രിയമൊടു ഭൂമിയെ മന്ദ മന്ദ മിങ്ങു. 51

Digitized By Kerala Sahitya Akademi

കവി:—ഹൃദയ ഹരണ മാവിലാപഗീതം
സദയത ചേർത്തിതു ചേതനത്തിനെല്ലാം;
മദനനിവിടെ യെത്തുകില്ലയോ? തൻ
ഗദവു മവസ്ഥയു മോർത്തിടാതെതന്നെ. 52

ഉരഗ നിരകൾ ധൂർത്ത വംശരാഗം
തിരയു;മലിഞ്ഞു വിധംബഗാഢകേട്ടും
സുരരണയു;—മചലം,—ഫലാഢ്മാണീ
സരള മനോഹരമായ സത്യഗാനം. 53

കഥ:—"അഴൽമതി, വനമദ്ധ്യദീപികേ! നിൻ
നിഴലായി, നോക്കുക, പിന്നിട്ടപോമല്ലെ!നീ"
വഴിയെയിതി വിദഗ്ദ്ധതോഴിയോതും
മൊഴിയവളംബര വാണിപോലെ കേട്ടു. 54

ത്വരിത മുദിത ബോധയായ്, തിരിഞ്ഞ
ങ്ങരികിലഹോ! സതി രൂപമൊന്നുകണ്ടാൾ;
പരവശതപിന്നഞ്ഞൊരംഗമോടും
വിരവിലതിൻനികടത്തിൽ വീണെണീററാൾ.

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

പുറകിൽ വികൃതരൂപമായതിൽ താൻ
നിറയുമൊരൻപൊടു ലീല കൈകൾ നീട്ടി,
വിറയൊടുമിണ മുമ്പു വിസ്ഫുടാശം
ചിറകുവിരുത്ത കപോതിപോലണഞ്ഞാൾ. 56

അവനമവശനെങ്കിലും, സ്വബോധം
വ്യവഹിതമെങ്കിലുമാഞ്ഞുനോക്കിനിന്നാൻ
അവളെ,യതിവിരൂപനസ്ഥിശേഷൻ;
ധ്രുവ,മിഹ മാംസ നിബദ്ധമല്ല രാഗം. 57

അവയവമിതരേതരം തലോടാ
നവനവളൊത്തു തുനിഞ്ഞു ലാക്കുതെറ്റി.
സ്വവദന മെതിരിട്ട ദർപ്പണത്തിൻ
സവിധമണഞ്ഞൊരു കുട്ടിപോൽ കുഴങ്ങി. 58

ദയയൊടവൾ തലോടിയുമ്മവച്ചാൾ
ദയിതനെ രാഗമിയന്ന വ്രണതടത്തിൽ;
നിയതമഴൽ ചുടുന്നനെറ്റി മേലും
പ്രിയതമ പൈതലെയമ്മയെന്നപോലെ. 59

Digitized By Kerala Sahitya Akademi

ഉടലിലവനിലണച്ചു ശുഷ്കമാകും
വിടപിയിൽ മോഹന വല്ലിപോലെ നിന്നാൾ;
തടവിവിവശ മാഗ മോമനേ, യെ
ന്നിടറി വിളിച്ചവൾ കണ്ണുനീർ ചൊരിഞ്ഞാൾ.

മദജനക മഭീഷ്ടരൂപവും തൽ
കദനവിമർദ്ദനമംഗസംഗവും ഹാ!
സദയ മധുര വാക്കു മുള്ളിലാഴും
മദനമോഹമകന്നപോലെതോന്നി. 61

പ്രിയതകര കവിഞ്ഞു പാർത്തുവീണ്ടും
പ്രിയയുടെ മോഹന മോഹനം മുഖാബ്ജം;
സ്വയമലിവൊടു മൊന്നവൻ മുകർന്നാൻ;
ഭയമുളവായതുപോലെ ഹാ! വെടിഞ്ഞാൻ. 62
(യുഗ്മകം.)

ക്ഷണമഥ സുഖമീലിതാക്ഷിയാമ
പ്രണയിനി നിന്നറിയാതെ യീ വിയോഗം;
അനുപദമഥ നോക്കിനാൾ, ശപിച്ചാ
ളനകനെവിട്ടൊരധന്യബാഹ്യബന്ധം. 63

Digitized By Kerala Sahitya Akademi

"പ്രിയഖഗ കരമായ ക്രൂരഭാഗ്യ
ക്ഷയമതിൽ വിട്ടുപറന്നു പോകിലാം നീ;
സ്വയമഹഹ! ദുരന്തരാഗപാശം
പ്രിയവിടുകില്ലിവളെ"ന്നു പിന്തുടർന്നാൾ. 64

ഉടൽ വിളറി മുഷിഞ്ഞ വസ്ത്രവേഷം
തടവുമവൻ ബഹു ദൂര ലക്ഷ്യനായി;
ഉടനെ വലിയകാറ്റിൽ, വന്മഴക്കാ
റിടയിലിളം പിറപോലെ ലീനനായി. 65

തരളഹൃദയ കഷ്ട! മെത്ര ബാഢം
പരവശയാമതുകണ്ടൊരാവരാംഗി?
തിരിയെ മദനനെന്തിനോടി? യെന്താം
പരിണതി?ഹാ! വിധിവാമ്യമെന്തുചെയ്വൂ?. 66

ഭൃശജവമവനെത്തുടർന്നു വീണ്ടും
ശശിയെയനുദ്രുത താരപോലെ സ്വാധ്വി;
അശരണയവളെത്തുടർന്നു താരാ
വശഗതയാമുപതാരപോലെ തോഴി. 67

Digitized By Kerala Sahitya Akademi

അതിജവമൊടണഞ്ഞു കണ്ടു ദൂരെ
സ്തുതി തടിനീതട ഗാധശൈലകൂടം;
ഗതിയിൽ മദനാനേറിടുന്നതും പെ-
ററാതിലൊരു ധൂസര മേഘരേഖപോലെ. 68

ഉടനെ യമപുരിഹാസ്യമാമപായം
പെട്ടമവനെന്നവൾ കണ്ടുകണ്ണയായി;
അടികളൊരു തരിമ്പു മുമ്പു നീങ്ങാ
തുടൽ മരവിച്ചു,പറ കണ്ണുമാന്ധമായി. 69

സമയമതിലുയർന്ന ഘോരവാരി
ഭ്രമമൊടകാലിക വൃദ്ധിരേവയാർന്നു;
ന്യമാന്യമ രയഘോഷമേററിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ. 70

രവിജലധിയിലാശു മുങ്ങി, രേവാ
സവിധ വനങ്ങളിൽ നിന്നു രശ്മിനീങ്ങി;
പവനന മല വിട്ടു ചമ്പകത്തോ,
ഭുവനമുമപ്പൊഴു തപ്രസന്നമായി. 71

Digitized By Kerala Sahitya Akademi

അഥ മദനനകന്നു ശൂന്യമായ് തൽ
പഥമതു പക്ഷി വെടിഞ്ഞ ശാഖിപോലേ;
കഥയവസിതയെന്നു ബുദ്ധിയാലും
വ്യഥയെഴ മാസതി കണ്ടു ശുദ്ധിയാലും. 72

ഉടനെയഴൽ പൊറാഞ്ഞു വീണുരുണ്ടാൾ;
ഝടിതിയെണീററുകൃതാർത്ഥപോൽ ഹസിച്ചാൾ;
ഒടുവിൽ മദനനെത്തി നിന്ന ദിക്കി-
ന്നുടനവൾ നിദ്രയിലെന്നപോൽ നടന്നാൾ. 73

ജവമവിടെയണഞ്ഞു, 'ദേവ' നീട്ടും-
ധവള തരംഗ കരങ്ങളിൽ സന്തോഷം,
അവളുടനെ കുതിച്ചു കൊള്ളിമീൻ പോ-
ലവനത യാവതു ഹന്ത! തോഴികണ്ടാൾ. 74

മനമുഴറി ഞടുങ്ങിയാശു വീണാൾ,
പുനരിവളേററം വിഷണ്ണയായി നിന്നാൾ,
ധനമതി കൃപണന്നു പോയ പോലേ
വനചാരികൻ ഹത ദീപനായ പോലെ. 75

Digitized By Kerala Sahitya Akademi

സഖി:—അയി, സഖി, യയി, സോദരി, യഹോ! നിൻ
ക്രിയ യതിനിഷ്ഠുര—യെന്നൊ നീവെടിഞ്ഞു.
പ്രിയനെ യനുഗമിച്ചു ധന്യയായ് നീ
സ്വയമഥവാ—വിധിയിന്നു തൃപ്തനായി!. 76

എവിടമിവിട? മെങ്ങുവാസഭൂ? വേ
തിവരുടെ കാങ്ക്ഷിത? മെന്തു സംഭവിച്ചു?
അവിദിത പരിണാമ മൊക്കെയോർക്കിൽ,
ശിവ ശിവ! സർവ്വമനാഥമീ ജഗത്തിൽ!! 77

അനിശമവനി ഗർഭമാർന്നുദിപ്പൂ;
പുനരനിശം വ്യഥയാർന്നു പോയ് ലയിപ്പൂ,
അനുഗത പരതന്ത്ര യാത്ര! രേവേ,
മനുജനു മോർക്കിൽ നിനക്കു മൊന്നുപോലെ, 78.

വിദിതമിതഥവാ ചലാചലത്വം,
കദനമിയന്നയി, കേഴൊലായി വന്നും
നദി,–സപദി വഹിപ്പിടുന്ന നീയാ-
ഹൃദയ യുഗം, സ്ഥിരസൌഹൃദം ഹൃദത്തിൽ.76;

Digitized By Kerala Sahitya Akademi

ശരി, നിജചരിതത്താലീ ജഗൽസ്വപ്നളീതൻ
സരസമിഥുനമേ, ഹാ! നൽകിയാശംസ നിങ്ങൾ;
തിരിയെയെവിടെ നാം കാണുന്നു? - എൻധീയെ
[യും ഹാ!
ധരയെയുമിത! തുല്യം മൂടി ഗാഢാന്ധകാരം, ൮൦

കഥ:—ആസക്താശയ കേണുമാധവികിട-
ന്നേവം നിരാലംബയായ്,
ഭ്രൂസംശ്ലേഷമിയന്നുറങ്ങി ശിശുപോൽ;
ജൃംഭിച്ചു മുമ്പിൽ തദാ,
ഹാ! സിക്താംഗ, രതിവധൂസുന്ദരർ, യുവ-
സ്ത്രീപുംസ ദിവനം പരാ
ഭാസിക്കും, പരിവേഷമാർന്ന വദന
ശ്രീപൂണ്ടു, രണ്ടാളുകൾ. ൮൧

“ആരും തോഴീ! യുലകിൽ മറയുന്നില്ല;
മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയ ജടിലം ദേഹിതൻ-
ദേഹ ബന്ധം;

Digitized By Kerala Sahitya Akademi

പോകുന്നു ഞാൻ; പ്രിയസഖി, ചിരം
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതി
യായിട്ടില്ല സംസാര ചക്രം.” ൬൨

ആരാജമാനരിതു ചൊല്ലി; യുണർന്നുതൂകുന്നു
തീരാതെ തോഴി; യവരങ്ങുടനേ മറഞ്ഞു.
പാരാകെ വീണ്ടുമവൾ കണ്ടു; വിളങ്ങിയേതു
മോരാത്തപോലെയുദയോപരികർമ്മസാക്ഷി. ൬൩

അഥ സകലം നിനയ്ക്കുകിലു-
മടൽവഹി, ച്ചുടവീ-
പഥമവൾ വിട്ടുപോയി;-ജവ-
മാരുജ നീങ്ങുവതോ?.
കഥയനയാതരോടഥ കഥിച്ചു;
കരഞ്ഞു പാരം
വ്യഥയൊടഹോ! മടങ്ങിയവർ;
തങ്ങിയെരേടമവൾ. ൬൪

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

ശേഷം സാധ്വസമാനസധീരമണനെ
    ത്തേടുന്നൊരനാസ്ഥ താൻ-
റോഷം സാർത്ഥകമാക്കുമാറുടനെ താൻ
    കയ്ക്കൊണ്ടു ചീരാംബരം,
ദോഷസ്പർശ മെഴാത്തതാം വ്രതമെട്ടു
    ത്തന്വർത്ഥമായ്, ജീവിതം
തോഷം പൂണ്ടുനയിച്ചു; ലൌകിക സുഖം
    തുച്ഛം കൊതിച്ചീലവൾ. 85

Digitized By Kerala Sahitya Akademi

ലീല.

ടിപ്പണം.

ഒന്നാംസർഗ്ഗം.

൧

പ്രണയപരവശേ=അനുരാഗത്തിന്ന കീഴ്പെട്ടു വലയുന്നവളെ! നെടുമോഹനിദ്ര=ദീൎഘമായ മോഹാലസ്യം. (ഇതു ലീലയുടെ പ്രിയനെ അന്വേഷിച്ചുപോയി മടങ്ങിവന്നപ്പോൾ സ്വാന്തം പൂന്തോട്ടത്തിൽ മോഹനിദ്രയിൽ കിടക്കുന്ന നായികയേ കണ്ടു് സഖി ആശ്വാസിപ്പിപ്പാൻ ഉദ്ദേശിച്ചു പറയുന്നതാകുന്നു.

൨

സരളമധുരം=സ്പഷ്ടമായും, കൎണ്ണാനന്ദകരമായുമുള്ളതു്. വചസ്സു=വാക്കു്. വിധിവാട്ടിയ കൎണ്ണവീഥി=ദുൎവ്വിധിയാൽ ചൂടുപിടിച്ചു വാടിയ ശ്രവണേന്ദ്രിയമാൎഗ്ഗം (നായകന്റെ കഥപോലും കേൾപ്പാൻ ഭാഗ്യമില്ലാതെ തപിച്ചിരിക്കുന്ന നായികയുടെ കൎണ്ണപുടം) വിരവിനൊടു=പെട്ടെന്നു, (വിചാരിച്ചിരിക്കാതെ) പതിച്ചു=വീണു. പിച്ചി=പിച്ചകവള്ളി. വിരളനവാംബുബിന്ദു=ഏതാനും പുതിയ മഴത്തുള്ളികൾ.

൩

ഉദയപുരം=രാജപുത്രസ്ഥാനത്തുള്ള ഉദയപ്പൂർ എന്ന നഗരം. ഉപാന്തം=സമീപം. വിദിതമഹീധരസാനുഭൂമി=പ്രസിദ്ധമലയുടെ (Ar-avalli Hills അരാവലിമലയുടെ) താഴ്വരപ്രദേശം. സദനസുമവനം=വീട്ടുപൂന്തോട്ടം (ഗൃഹാരാമം). ഉന്മദം=സന്തോഷലഹരി. മധുമാസരാത്രി=വസന്തകാലത്തെ രാത്രി.

൪

നവനിലാവു്=പുത്തൻ നിലാവു്. ലതാവലയം=വള്ളിക്കുടിൽ·

Digitized By Kerala Sahitya Akademi

വിലയപരവശാംഗി=മോഹാലസ്യംകൊണ്ടു്അസ്വാധീനമായ അംഗങ്ങളോടു കൂടിയവൾ. ഓമലാൾ=സുന്ദരി. (ഈ പദ്യങ്ങൾ രണ്ടും നായികയുടെ തല്ക്കാലാവസ്ഥയെ കാണിക്കുന്നു.)

൫

ക്ഷിതിയിൽ=ഭൂമിയിൽ മർത്ത്യജീവിതം=മനുഷ്യന്റെ ജീവിതം· (ജീവചരിത്രം) പ്രതിജനഭിന്നവിചിത്രമാർഗ്ഗം=ഓരോരുത്തൎക്കും പരസ്പരം ഭിന്നമായി നനാപ്രകാരേണയുള്ള രീതിയോടുകൂടിയതു്. പ്രതിനവരസം=പുതിയ പുതിയ രസത്തോടുകൂടിയതു്. (ഒന്നിനില്ലാത്ത രസംമറെറാന്നിൽ ഉണ്ടായിരിക്കുമെന്നു താല്പൎയ്യം.) മനുഷ്യകഥാനുഗായികൾ=മനുഷ്യന്റെ ചരിത്രത്തെപററി പാടുന്നവർ (കവികൾ) കൃതികൾ=ധന്യന്മാർ=കൃതാൎത്ഥന്മാർ (ഒരു കഥയിലെ രസവും സാരവും മറെറാന്നിൽ ഇല്ലാത്തതുകൊണ്ടു ഓരോ കഥയേയും പററി കവിതകൾ എഴുതുമ്പോൾ കവികൾക്കു പ്രത്യേകം ചാരിതാൎത്ഥത്തിനു വകയുണ്ടെന്നു താല്പൎയ്യം.)

൬

മരുവി=പാൎത്തിരുന്നു. അവിടെ=ഉദയപുരിയിൽ. മരുവു=മണൽകാടു്. മഹാപണങ്ങൾ=വലിയ അങ്ങാടികൾ (കച്ചവടസ്ഥലങ്ങൾ) വൈശ്യവൃത്തികൾ=കച്ചവടക്കാർ.

൭

അവനിയിൽ=ഭൂമിയിൽ. വിശ്രുതൻ=പ്രസിദ്ധൻ. തനയ=മകൾ. അവികലമാനുഷരൂപമാധുരീ=തികഞ്ഞ മനുഷ്യസൌന്ദൎയ്യ സാരസ്യം (അവന്റെ മകൾ മനുഷ്യസൌന്ദൎയ്യം തന്നെ രൂപം ധരിച്ചതോ എന്നുതോന്നുമെന്നു താല്പൎയ്യം.)

൮

നന്ദിനി=പുത്രി. ഭവനമണിവിളക്കു=ഭവനത്തിലെ രത്നദീപം. (വീട്ടിനെ കെടാത്ത വിളക്കുപോലെ പ്രകാശിപ്പിക്കുന്നവൾ എന്നൎത്ഥം) സൽഗുണപ്രവണത=സൽഗുണങ്ങളിൽ താല്പൎയ്യം. മമത=സ്നേഹം. അസുക്കൾ=പ്രാണങ്ങൾ, ജീവൻ. വസുക്കൾ=ധനങ്ങൾ (അവൻ പുത്രിയേയും തന്റെ ജീവനേയും ധനത്തേയും ഒന്നുപോലെ സ്നേഹിച്ചു എന്നു താല്പൎയ്യം)

Digitized By Kerala Sahitya Akademi

൯

കല=വിദ്യ. നിശിത കുശാഗ്രബുദ്ധിയാൾ=ദർഭപ്പുല്ലിന്റെ മുനപോലെ ക്രമിച്ച ബുദ്ധിയുള്ളവൾ. ശക്തി=ബുദ്ധിശക്തി വിചക്ഷണലബ്ധി=പണ്ഡിതന്മാരെ ലഭിപ്പാനുള്ള സൌകര്യം. (സ്വഭാവേന ബുദ്ധിമതിയായ അവൾ തന്റെ ബുദ്ധിശക്തിക്കനുരൂപമായ വിധത്തിലും അച്ഛൻ വലിയ ധനവാനാകയാൽ ഓരോ വിദ്യയിലും പ്രത്യേക നൈപുണ്യമുള്ള വിദ്വാന്മാരെ സമ്പാദിപ്പാനുണ്ടായിരുന്നസൌകര്യത്തിന്നനുരൂപമായും പലവിദ്യകളും പഠിച്ചു എന്നർത്ഥം.

൧൦

സകൌതുകം=കൌതുകത്തോടുകൂടുംവണ്ണം. മത്സരിച്ചുതാൻ=മത്സരിച്ചിട്ടെ എന്നുതോന്നുംവണ്ണം. മികവൊടു=ധാരാളമായി. ശൈശവം=ബാല്യം. പ്രകൃതി=പ്രകൃതിശക്തി. അംഗകാന്തി=അഴക്, ശരീരസൌന്ദര്യം. സുകൃതി=ഭാഗ്യവാൻ. വിഭൂഷണങ്ങൾ=ആഭരണങ്ങൾ

൧൧

ലലിതലലിതം=അതിമനോഹരം (അത്യന്തമധുരം). കുലസുത=ഉയന്നകുലത്തിൽ ജനിച്ചവൾ. ലലനകൾ=സ്ത്രീകൾ. ഭാഗ്യം=വിധി. യന്ത്രം=ചക്രം. ഈ നില=യൌവനാവസ്ഥ (എന്നു താല്പര്യം.) സ്ത്രീകളുടെ ഭാഗ്യം വിശേഷിച്ചു യൌവനാവസ്ഥയിലെ അവരുടെ മനോഗതിയെ ആശ്രയിച്ചിരിക്കുമെന്നു താല്പര്യം.

൧൨

വണിഗ്വരൻ=കച്ചവടക്കാരുടെ പ്രധാനി. തദാ=അപ്പോൾ. വർത്തകപ്രകരം=കച്ചവടക്കാരുടെ കൂട്ടം

൧൩

ഉഗ്രവായു=കൊടുങ്കാറ്റു. ഇടഞ്ഞു്=എതിർത്തുകൊണ്ടു്. മഹാമരുക്കൾ=വലിയമണൽപ്രദേശങ്ങൾ. പടവുകൾ=തോണികൾ.

൧൪

പടകുടികൾ=കൂടാരങ്ങൾ. വലാഹകങ്ങൾ=മേഘങ്ങൾ. വാഹനപ്പട=വാഹനങ്ങളുടെ സമൂഹം. സാർത്ഥവാഹർ=കച്ചവടക്കാരുടെ സംഘം.

Digitized By Kerala Sahitya Akademi

൫൬

ജനത=ജനസമൂഹം. നിബന്ധനം=ആചാരനടപടികൾ. നഗരം=പട്ടണം.

൫൩

അലം=നല്ലവണ്ണം. ബോധം=അറിവ്. മോദം=സന്തോഷം. (ഈ ദേശസഞ്ചാരം അവൾക്ക സന്തോഷത്തെ മാത്രമല്ലാ പലവിധത്തിലുള്ള അറിവിനേയും നൽകി എന്നർത്ഥം.) വിഭവം=സമ്പത്ത്. സംഭഗത=സൌന്ദര്യം. യൌവനാഗമം=യൌവനാരംഭം. ശുഭഗുണ=ഉൽകൃഷ്ടഗുണങ്ങളോടുകൂടിയവൾ. ചരിക്ക=സഞ്ചരിക്ക. അഭിമതവാപി=ഇഷ്ടമായകുളം മുഗ്ദ്ധഹംസി=ഹംസകന്യക.

൫൯

ഉരുഭൂതി=വലിയഐശ്വര്യം. സ്ഥിരശുഭ=സ്ഥിരമായ സുഖജീവിതമുള്ളവൾ. പരമരുചിരം=അത്യന്തമനോഹരം. അഹമ്മുഖം=പ്രഭാതം. ചരമധരോപരി=പശ്ചിമപർവ്വതത്തിന്റെ മുകളിൽ. കാർ=മഴക്കാർ, കാർമേഘം.

൫വ്വ

ഹതവിധി=ദുർവിധി. ലോകയാത്ര=ജീവിതയാത്ര. ഈ പദം രണ്ടും വരാൻപോകുന്ന ആപത്തെ സൂചിപ്പിക്കുന്നു.

൫൯

വിജയപുരനിവാസി=വിജയപുരത്തുകാരൻ. വർത്തകസ്സംഘപതി=കച്ചവടക്കാരിൽ പ്രധാനി. വരിച്ചു=പ്രാർത്ഥിച്ചു. വധൂകരിക്ക=വധുവാക്കുക (വധു=മകന്റെ ഭാര്യ.)

൬൦

കമനൻ=കാന്തൻ. യുവാ=ചെറുപ്പക്കാരൻ. സമധനവംശൻ=ധനംകൊണ്ടും കുലംകൊണ്ടും തുല്യൻ. സമയം=വാഗ്ദാനം.

൬൫

അവിഹിതം=അയുക്തം, =ചേരാത്തത്. രക്ഷ്യർ=കീഴിലുള്ളവർ (താൻ രക്ഷിക്കേണ്ടവർ) അവികലം=മുഴുവൻ. പ്രഭുഭാവം=സ്വാതന്ത്ര്യം തന്റെ വരുതിയിലുള്ളവരോടു ഒരാൾ മുഴുവൻ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതു നന്നല്ല എന്നർത്ഥം. യുവജനഹൃദയം=ചെറുപ്പക്കാരുടെ മനസ്സ്. കാമ്യപരിഗ്രഹേച്ഛ=കാമാർത്ഥമായ പരിഗ്രഹത്തിലുള്ള

Digitized By Kerala Sahitya Akademi

ഇഷ്ടം. പരിഗ്രഹം = ഭാൎയ്യം. പരിഗ്രഹം അല്ലെങ്കിൽ ഭൎത്തൃപരിഗ്രഹം (വരണം) സ്വാതന്ത്ര്യം = സ്വാതന്ത്ര്യമുള്ളത്.

൨൨.

മദനനിതി = മദനനെന്ന്. പുകഴ്ന്ന = കീൎത്തികേട്ട മാധുരീസദനം = മാധുൎയ്യത്തിൻെറ ഇരിപ്പടം സഖ = തോഴൻ. ഗുണോത്തരൻ = ഗുണംകൊണ്ടു ഉൽകൃഷ്ടൻ. സദനനികടവാസി = അയൽ വീ കാരൻ. ഹൃദയം = മനസ്സ്. മദനനെ അവൾ മനസ്സാലെ വരിച്ചിരുന്നു എന്നു താല്പൎയ്യം.

൨൩

ദുഹിതൃപരിണയോത്സവം = മകളുടെ വിവാഹാടിയന്തിരം. യഥാവിഹിതം = വിധിപ്രകാരം. പിതൃനിയോഗഭിന്ന = പിതാവിൻെറ ആജ്ഞകൊണ്ടു ഖേദിക്കുന്നവൾ. ദുസ്സഹം = സഹിപ്പാൻ പാടില്ലാത്തതു്. അഴൽ = ദുഃഖം. അപ്പോൾ മാത്രമാണ് അവൾ ദുഃഖം എന്താണെന്നറിഞ്ഞതു്. ആ ദുഃഖം അത്ര ദുസ്സഹവുമായിരുന്നു.

൨൪

തരുവല്ലി = വൃക്ഷത്തിൽ പടൎന്ന വല്ലി. മനസ്വിമാർ = സ്ഥിരനിശ്ചയമുള്ളവർ.

൨൫

ഗുരുജനവചനം = അച്ഛൻെറ ആജ്ഞ. കുലക്രമം = കുലമൎയ്യാദ. അസ്വാതന്ത്ര്യത = സ്വാതന്ത്ര്യമില്ലായ്മ. കാമിതം = ഇഷ്ടം = മനസ്സിലുള്ള ആഗ്രഹം. കദനം = ക്ലേശം. ലൌകികം = ലോകത്തിന്നു അനുസരിച്ചുള്ള ഇരിപ്പ്.

൨൬

വിനയവതി = മൎയ്യാദയുള്ളവൾ. ഉഴിഞ്ഞുവിടുക = ബലികൊടുക്കുക. ജനകാഭിമതം = അച്ഛൻെറ അഭിമതം. അനഘൻ = നിൎദ്ദോഷൻ. (അവൻ = മദനൻ എന്നൎത്ഥം) അനന്യരാഗൻ = വേറെ രാളെ കാമിക്കാത്തവൻ അനുകൻ = കാമുകൻ. ആഴ്ത്തുക = മുക്കുക.

൨൭

കദനം = ക്ലേശം. മദനഗതാശയ = നായകനായ മദനനിൽ ചേൎത്തിരിക്കുന്ന ഹൃദയത്തോടുകൂടിയവൾ. വിദയ = ദയയില്ലാത്തതു. നിയതി = വിധി. ദുസ്തരവേഗം = കടക്കാൻ പ്രയാസമായ ഗതിവേഗത്തോടുകൂടിയതു്. ആ നദി = നിയതിയാകുന്ന നദി.

Digitized By Kerala Sahitya Akademi

൰൭

സ്ഫുടം=വെളിവായി. ധ്വജകോടി=കൊടിമരത്തിന്റെ അഗ്രം. വിവാഹമംഗളം=വിവാഹമുദ്ര (താലിഎന്നു താല്പൎയ്യം) ഗളം=കഴുത്തു്. അനിഷ്ടദൎശനം=കാണ്മാൻ സുഖമില്ലാത്തതു്. പ്രമാദംകൊണ്ടുവിഷ്ണുക്ഷേത്രത്തിൽ ശിവന്റേയോ ശിവക്ഷേത്രത്തിൽ വിഷ്ണുവിന്റേയോ കൊടിയേറുന്നതുപോലെയായിരുന്നു അവളുടെ കണ്ഠത്തിൽ അഭിമതനല്ലാത്ത നായകന്റെ മംഗല്യസൂത്രം ധരിച്ചിരുന്നതു്.

൰൮

തൽപതി=അവളുടെ ഭൎത്താവു്. അതിഗുണിതം=ഏററവും അധികം. ധനി=ധനവാൻ, ഉദധി=ജലനിധി=കടൽ. ഉദകസമൃദ്ധി=ജലഭാരം. ധനാഢ്യൻ=ധനസമ്പന്നൻ, മേഘസമൃദ്ധിയുള്ളവൻ. ഗിരി=പൎവ്വതം.

൰൯

പ്രണയി=പ്രേമഭാജനമായ നായകൻ. നാഥൻ=ഭൎത്താവു്. നിൎഘൃണം=ദയയില്ലാതെ. കപോതി പ്രാപ്പേട (മാടപ്രാവിൻപിട).

൨൰

ഘനരുജ=നിറഞ്ഞ സംകടം. ജനകവിയോഗം=അച്ഛന്റെ വേൎപാടു്. അഭിഹതം=പീഡിതം. അസ്തരാഗം=രാഗംനശിച്ചതു്. സ്വനം=ശബ്ദം, ധ്വനി.

൨൰൧

ആധികൎശിതം=ആധിയാൽ വാടിയതു്. ഗതൻ=പോയവൻ. നിജവിരഹാൎത്തി=തന്നെ വെടിഞ്ഞതുകൊണ്ടുള്ള ആൎത്തി.

൨൰൨

വരസുഖവിഭവങ്ങൾ=ഉൽകൃഷ്ടങ്ങളായ സുഖസാധനങ്ങൾ. വരൻ=ഭൎത്താവു്. ഭാവനാപരികരം=സങ്കല്പപരമ്പര. ഭോഗം=സുഖദുഃഖാനുഭവം. സങ്കല്പംകൊണ്ടു സുഖം ദുഃഖമായും ദുഃഖം സുഖമായും പരിണമിക്കുമെന്നു താല്പൎയ്യം.

Digitized By Kerala Sahitya Akademi

൨൪

പിതൃകൃതൻ = അച്ഛൻ ഉണ്ടാക്കികൊടുത്തവൻ. കൃതമതി = ബുദ്ധിയുള്ളവൾ (വിവേകമുള്ളവൾ). സതി = പതിവ്രത. അപരൻ = അന്യൻ.

൨൫

ഘടന = സംഗം. പതി = ഭർത്താവ്. വിലാസി = വിലാസപ്രിയൻ (ക്രീഡാരസികൻ). പിടമൃഗനേത്ര = മാൻപേടയുടെ കണ്ണുപോലെയുള്ള കണ്ണുകളുള്ളവൾ. കൃപാർദ്ര = ദയകൊണ്ടലിഞ്ഞവൾ. സ്ഫുടം = സ്പഷ്ടം. അകം = ഉള്ള്. തടശില = തീരത്തിൽ കിടക്കുന്ന പാറക്കല്ല്. തരംഗലീല = തിരയടി.

൨൬

അബ്ദം = സംവത്സരം. നിഷ്ഠ = വ്രതം. പ്രണയജം = അനുരാഗത്തിൽ നിന്നുണ്ടായത്. കാഷ്ഠ = പരമകാഷ്ഠ = പരമസീമ.

൨൭

അശക്ത = ദുർബ്ബല. വിപത്ത് = നാശം. പ്രണയിനി = സ്നേഹവതി. അകരുണം = കരുണയില്ലാത്തത്. അന്യവൈഭവം = മറെറാരുസാമർത്ഥ്യം ഗുണപരിണാമപരീക്ഷകൻ = ഗുണങ്ങളുടെ അധികമധികമായ പരിപാകത്തെ പരിശോധിക്കുന്നവൻ. വിധി = ദുർവ്വിധി, ദൈവം. അവൾ = ലീല. ശയനീയശായി = കിടക്കയിൽ കിടന്നുറങ്ങുന്നവൻ. അവൻ = മദനൻ. ഉഷസ്സ = പ്രഭാതം. യുവത = യൌവനം. ജന്തു = പ്രാണി. വിവൃതകവാട = ദ്വാരം തുറന്നുവെച്ചിരിക്കുന്നതു. മൃതി = മൃത്യു അനാരതം = ഇടവിടാതെ (എപ്പോഴും). താരുണ്യം = മരണത്തിനു തടസ്ഥമല്ലെന്നു താല്പര്യം.

൨൮

സുഭഗൻ = സുന്ദരൻ രാഗം = അനുരാഗം. നിയതിഹതൻ = വിധിയാൽ വഞ്ചിതൻ. അഭിമാനകൃതാർത്ഥൻ = സങ്കല്പംകൊണ്ടുമാത്രം കൃതാർത്ഥൻ.

൨൯

രോദനം = നിലവിളി. അശങ്കം = സംശയംകൂടാതെ = മടികൂടാതെ. ചടുലശിഖ = ഇളകുന്ന ജ്വാല. നിജ്ജയോദ്ദ്യമൻ = തൻെറ ഉദ്ദേശം

Digitized By Kerala Sahitya Akademi

സാധിപ്പാൻ സാധിപ്പാൻ ദയയില്ലാതെ പ്രവൃത്തിക്കുന്നവൻ. ദഹിച്ചു= ഭസ്മമായി. ചിതാഹുതാശനൻ = ചിതാവഹ്നി.

൭൦

വിതന്തു=താലിയററവൾ. വിവിധഹൃദയവൃത്തി=പലപ്രകാരമുള്ളമനൊവിചാരങ്ങൾ. വിധു=പീഡിക്കപ്പെട്ടവൾ. വിവശത=പാരവശ്യം. മൃഗയുവതി=മാൻപേട. കിരാതമുക്തം=വേടന്റെ കയ്യിൽനിന്നു തെററിയതു്. വൃകനിര=ചെന്നായ്ക്കൂട്ടം

൭൧

അനുമരിക്ക=കൂടെ ചാവുക. സമജ്ഞ=കീർത്തി. വിദയ=ദയയില്ലാത്തവൾ. വക്രശീല=കുടില. പാപ=ദുഷ്കൃത്യംചെയ്തവൾ.

൭൨

അസ്ത്രഭങ്ങൾ=ചീത്തകൾ. അപവാദശരങ്ങൾ=പഴിവാക്കാകുന്ന അസ്ത്രങ്ങൾ, അമ്പുപോലെ ശ്രവണകഠോരങ്ങളായ പഴിവാക്കുകൾ എന്നു താല്പര്യം. ഹത=വഞ്ചിത=മൃതതുല്യ. വനിത=സ്ത്രീ. അനഭീഷ്ടൻ = ഇഷ്ടനല്ലാത്തവൻ = സമ്മതനല്ലാത്തവൻ.

൭൩

പരം=ഇതിനുമേൽ. അരിയ = നല്ല. കിനാവ് = സ്വപ്നം. ഫലം = പഴം. മനോഖഗ=മനസ്സാകുന്ന പക്ഷി. ഉരുരസം = അധികം രസത്തോടെ അതു് = ആ സ്വപ്നത്തിലെ ഫലം. ആകനി= ചവിട്ടിഇരുന്ന കനി. സ്വപ്നത്തിൽ കണ്ട കനിയിന്മേൽ നോക്കി ഏതൊന്നിന്മേൽ ഇരുന്നോ ആ കനി. (സ്വപ്നത്തിൽകണ്ടകനി മരനനെന്നും വീണുപോയ കനി ഭർത്താവെന്നും താല്പര്യം.

൭൪

തൻമതി=അവളുടെ ബുദ്ധി. ഉരുപീഡ=വലുതായക്ലേശം. അഴൽ=ദുഃഖം. എതിരിടുക=അനുഭവത്തിൽപെടുക. അതിരുജ=അതിയായ മനോവേദന. ഭാവിഭയങ്ങൾ=വരാൻപോകുന്ന ആപത്തിനെകുറിച്ചുള്ള പേടി—വരാനുള്ള ആപത്തേപററി ചിന്തിച്ചാൽ ഏതു ധീരരും ചലിക്കുമെന്നു താല്പര്യം.

Digitized By Kerala Sahitya Akademi

൨൬

ഗളിതഭയം = പേടിനീങ്ങിയ. മദനോന്മുഖം = മദനനിൽ ആഞ്ഞു നിൽക്കുന്നത്. കളപറിക്കൽകൊണ്ടുള്ള വാട്ടം തീൎന്നു തഴ ന്ന മുളപോലെ (ധാന്യച്ചെടിപോലെ) എന്നു താല്പൎയ്യം.

൨൭

വിനയവിഹിതദുഃഖ = വിനയത്താൽ കൃതമായ ദുഃഖത്തോടു കൂടിയവൾ. അവളുടെ ദുഃഖത്തിന്നു അവളുടെ കീഴ്‌വഴക്കവും മൎയ്യാദയും തന്നെ കാരണമെന്നൎത്ഥം. വൈശ്യ = വൈശ്യസ്ത്രീ. അനുകൻ = കാമുകൻ. (മദനൻ). അവരിൽ = ആ വൈശ്യവൎഗ്ഗക്കാരിൽ പുനൎവിവാഹം = രണ്ടാം വിവാഹം (വിധവാവിവാഹം) അനിന്ദ്യം = നിഷിദ്ധമല്ലാത്തത്. മേൽശ്ലോകത്തിൽ സൂചിപ്പിച്ച നായികയുടെ മദനാഗതിയെപ്പററി ദൂഷണം ചെയ്യാൻ പാടില്ലെന്നു ഈ പദ്യം കാരണസഹിതം സൂചിപ്പിക്കുന്നു.

൨൮

വിശസനം = ഭയങ്കരമായ ആപത്ത്. ശ്വശുരർ = ഭൎത്താവിന്റെ മാതാപിതാക്കന്മാർ.

൨൯

പരിജനം = പരിചാരകർ (ഭൃത്യന്മാർ) ഉത്സുക = അത്യാശയുള്ളവൾ. ത്വര = വേഗം. കാററും ഒഴുക്കും ഒരു വഴിക്കായിരുന്നാൽ അനായാസേന തോണിയോടുന്നതുപോലെ അവളുടെ മനസ്സും ശരീരവും ഒരു ദിക്കിലേക്കു തന്നെ ആയിരുന്നതിനാൽ യാത്രാക്ലേശം അറിഞ്ഞില്ലെന്നു താല്പൎയ്യം.

൩൦

പരിസരം = സമീപപ്രദേശം. ലക്ഷ്യമായി = കാഴ്ചക്കു വിഷയമായി. ചിരവിധുരം = വളരേ കാലം വേർപിരിഞ്ഞിരുന്നത്. പിതൃസൌധം = അച്ഛന്റെ മാളിക. മദനാകൃതി = മദനന്റെ സ്വരൂപം. ഉള്ളു = ഉൽക്കണ്ണ.

൩൧

ഉരുദമം = വലുതായ അടക്കം. ശൈശവഭാവനീത = ചെറുപ്പകാലത്തെക്കുറിച്ചുള്ള സങ്കല്പങ്ങളാൽ ആകൎഷിക്കപ്പെട്ടവൾ.

Digitized By Kerala Sahitya Akademi

൫൯

ചിരവിരഹിതൻ = വളരേകാലമായി പിരിഞ്ഞിരിക്കുന്നവൻ. വിരവോടു = പെട്ടെന്നു. ഏഷ്ടർ = ആഹ്ളാദിക്കുന്നവൻ വിചാരിച്ചിരിക്കാതെ പെട്ടെന്നു മകളെ കാണുകയാൽ സന്തോഷിച്ചിട്ടും വിധവയാണെന്നറിഞ്ഞു് ദുഃഖിച്ചിട്ടും കണ്ണീർ പൊഴിയുമെന്നൎത്ഥം.

൬൰

ബഹുതരഭാഗ്യമഗ്ന = പലപ്രകാരത്തിലുള്ള ഭാഗ്യങ്ങളിൽ മുഴുകിയിരിക്കുന്നവൾ. ഹതദൈവ = ഭാഗ്യം കെട്ടവൾ. സ്ഥിതിയിതു് = ഇപ്പോഴത്തെ നിർഭാഗ്യസ്ഥിതി.

൬൧

വിശുദ്ധി = പാതിവ്രത്യം. ഘോരൻ = നിൎദ്ദയൻ

൬൨

പ്രഭുത = പ്രഭവം = ശക്തി. ദേശചൎയ്യം = നാട്ടുവടവടി. പ്രഭവം = കാരണം അനൎത്ഥപരമ്പര = തുടൎന്നുവരുന്ന അനൎത്ഥങ്ങൾ. അഭിജനസങ്കടം = കുലീനന്മാൎക്കു ഞെരുക്കമുണ്ടാക്കുന്നതു്. കുലീനന്മാൎക്കു ഞെരുക്കമായ ദേശാചാരമേ! നിന്റെ പ്രഭുത്വമാണു് കഷ്ടമായിരിക്കുന്നതു്. ജനങ്ങൾ സ്വാതന്ത്ര്യബുദ്ധികൂടാതെ നിന്നെ ശരണം പ്രാപിച്ചു പ്രവൃത്തിക്കുന്നു. അതു് അനേക ആപത്തുകൾക്കു ഹേതുവായും തീരുന്നു.

൬൩

ധീവികലത = ബുദ്ധിഭ്രമം. അനവദ്യലോകർ = സാധുജനങ്ങൾ പിശാചവൃത്തി = പിശാചന്റെ ചേഷ്ടയോടുകൂടിയതു്.

൬൪

ഭയശോകരാഗസംകുലം = പേടിയും, ദുഃഖവും, അനുരാഗവും ചേൎന്നു മിശ്രമായതു്, ചപലഹൃദയം = ചഞ്ചലമായ മനസ്സ്. ചിത്രം = നാനാവൎണ്ണമുള്ളതു് ജലധരകാലദിനാന്തലക്ഷണം = മഴക്കാലത്തെ സന്ധ്യയുടെ സ്വരൂപം.

൬൫

ശിബിക = പല്ലക്കു = മേനാവു്. ശതോത്സവം = ശൂന്യപ്രായമായ
൭. വ്യഥ = വ്യസനം. ഭൃതകർ = ഭൃത്യന്മാർ.

Digitized By Kerala Sahitya Akademi

൩൯

ചിതാംഗി = ചിതാവഹ്നി. സരസി = തടാകം. ജനിത്രി = അമ്മ.

൪൦

ദൃഢരാഗബന്ധം = സ്ഥിരമായ അനുരാഗപാശം. പരഭയം = മററാപത്തുകൾ. അദൃശ്യബന്ധു = കാണാൻകഴിയാത്ത ബന്ധു. അനുരാഗം ദൃഢപ്പെട്ടാൽ മറെറന്താപത്തുകൾ വന്നാലും സഹിച്ചു അതിന്നായിജീവിച്ചിരിക്കുമെന്നൎത്ഥം.

൪൧

അവികലാ = പൂൎണ്ണം. പിതൃസ്വം = അച്ഛന്റെ സ്വത്തു്. സഖീസമാഗമം = സഖിയുമായുള്ള ദൎശനം.

൪൨

വിരസതരം = തിരെ സുഖപ്രദമല്ലാത്ത.

൪൩

പ്രതിഹതികൾ = പ്രതിബന്ധങ്ങൾ. ചതുര = സമൎത്ഥ.

൪൪

അപഥം = ദുൎമ്മാൎഗ്ഗം. അപര = മറെറാരുസ്ത്രീ. അപകൃതൻ = അപകാരം അനുഭവിച്ചവൻ (അപകാരത്തിനു വിഷയമായവൻ = തിരസ്കൃതൻ) അപചയം = ക്ഷയം. ഈ ശ്ലോകം നായകന്റെ സ്വഭാവഗുണത്തേയും, സഖി പറയാൻപോകുന്ന ഭയങ്കരമായ ചരിത്രം അവന്റെ നടപടിദോഷത്തെ സംബന്ധിച്ചതല്ലെന്നും സൂചിപ്പിക്കുന്നു.

൪൫

അവനെ ആരും ആ നാട്ടിൽ കണ്ടില്ല.

൪൬

വികലബുദ്ധി = ഭ്രാന്തൻ.

൪൭

വിധുരത = അത്യാശ. ശൂന്യഭാണ്ഡം = ഒഴിഞ്ഞപാത്രം. ധൃതി = ധൈൎയ്യം. ച്യുതി = ഭ്രംശം. പേയം = പാനദ്രവ്യം = കുടിപ്പാനുള്ള

Digitized By Kerala Sahitya Akademi

൱൮

മഹാനിപാത = ഉയരത്തോട്ടുകൂടി താഴോട്ട വീഴുന്ന. തടിനി = നദി.

൱൯

പ്രവൃദ്ധ = അധികം വൎദ്ധിച്ചതു്. പ്രിയത = പ്രേമം. അഞ്ജസാ = പെട്ടെന്നു്. നിയതം = നിത്യമായി. ജനാവലോകനം = ജനദൎശനം.

൱൰

പ്രണയി = നായകൻ പ്രണയിനി = സ്നേഹമുള്ളനായിക. നിയതരാഗപാത്രം = സദാപ്രേമഭാജനം. അപരാധി = തെററുചെയ്തവൻ. ഗണന = ബഹുമാനം.

൱൰൧

അവിരളം = അധികം. അവിഹിതത = പോരായ്മ. യവനിക = തിരശ്ശീല. നായിക പ്രിയനെ ഓൎത്തു പ്രത്യക്ഷമായി കരയുന്നതിലുള്ള പോരായ്മയെ പിതൃദുഃഖമെന്ന വ്യാജം സ്വയമേവ മറച്ചുഎന്നൎത്ഥം.

൱൰൨

പ്രഥിതർ = പ്രസിദ്ധന്മാർ. വ്യഥിത = വ്യസനിക്കുന്നവൾ. ഉഡുഗണങ്ങൾ = നക്ഷത്രക്കൂട്ടങ്ങൾ. ഗതവിധു = ചന്ദ്രനില്ലാത്ത. നിശ = രാത്രി.

൱൰൩.

അസുലഭം = കിട്ടാൻ പ്രയാസമുള്ളതു്. മതികെട്ടമാറു = ബുദ്ധിക്ഷയമാംവണ്ണം. ഹൃദയികൾ = ഉൽകൃഷ്ടഹൃദയമുള്ളവർ. ഉൽകൃഷ്ടഹൃദയമുള്ളവർ ഏതു കഷ്ടത്തിലും നിഷ്ഠയെ വിടാതിരിക്കുന്നതുതന്നെ അവരുടെ ചാരിതാൎത്ഥ്യം.

൱൰൪

വിദഗ്ദ്ധ = സമൎത്ഥ. ശ്രുതി = ശാസ്ത്രം. ദൂരലീനമാകുംഭാവം = ദൂരെ മറഞ്ഞിരിക്കുന്ന താല്പൎയ്യം. പ്രണിഹിത = ഏകാഗ്ര. സ്ഥിരാശ്രുത = സ്ഥിരമായ ആശ്രുതത്തോടുകൂടിയവൾ. ആശ്രുതം = വാഗ്ദാനം. പറഞ്ഞപോലെ കൃത്യമായി പ്രവൃത്തിക്കുന്നവൾ എന്നൎത്ഥം. ആബ്ദികീ = കൊല്ലത്തിലൊരിക്കൽ വരുന്നതു്. സുതിഥി = വിശേഷദിവസം. ചിരാൎത്ഥിത = വളരെകാലം കഷ്ടപ്പെട്ടവൾ. ചന്ദ്രിക = നിലാവെളിച്ചം. ക

Digitized By Kerala Sahitya Akademi

ഥാരംഭത്തിൽ "പ്രണയപരവശേ" എന്നു തുടങ്ങിയ മധുരമായ മൊഴി കളം പറഞ്ഞ മാധവി എന്ന സഖി ഇവളം തന്നെയാണെന്നു കാണിച്ച ഈ പദ്യംകൊണ്ടു സർഗ്ഗം ഉപസംഹരിക്കുന്നു.

രണ്ടാം സർഗ്ഗം.

൧

മൊഴി = പ്രണയപരവരവശേ എന്നു തുടങ്ങിയ മൊഴി. വീക്കുക = നെടുവീർപ്പിടുക. പത്മിനി = താമരപ്പൊയ്ക. സുന്ദരി = സുന്ദരിയായ ലീല.

൨

സമഭിജ്ഞ = സ്മരണ. വിസ്മൃതക്ലമ = ക്ഷീണം മറന്നവൾ. സമസൌഹൃദ = തുല്യസ്നേഹമുള്ളവൾ. ഉന്നമനോൽക്കം = എഴുന്നേൽക്കാൻ ഭാവിക്കുന്ന.

൩

സംക്രമിതസ്നേഹം = സ്നേഹവൃത്തികൾ അന്യോന്യം പകരുമാറ്. കമലം = താമരപ്പൂവ്. കമനീയാസ്യകൾ = മനോഹരമുഖമുള്ളവർ.

൪

അനാമയക്ഷയം = അനാമയത്തിന്റെ കുറവ്. അനാമയം = ആരോഗ്യഹാനി. ചിരപ്രയതൻ = വളരെക്കാലമായി നോററിരിക്കുന്നവൻ (ദീക്ഷിച്ചിരിക്കുന്നവൻ).

൭

പൊറുക്ക = ബലപ്പെട്ടതിരിക്ക. പരിണാമി = മാററമുള്ളതു്. (കാലദേശാവസ്ഥയനുസരിച്ചു മാറുന്നതു്.) അനാഥം = സ്ഥിരമായ അവലംബമില്ലാത്തതു്.

൯

ഭയം = ഭയംകരം. പ്രിയം = പ്രിയകരം.

൰

പ്രിയോന്മുഖി - പ്രിയനിൽ ഉന്മുഖി (ഉൽക്കണ്ഠയുള്ളവൾ) തടസ്ഥ = ഉദാസീന (പ്രതിപത്തി കുറഞ്ഞവൾ എന്നർത്ഥം).

Digitized By Kerala Sahitya Akademi

൧൧

അജ്ഞ = മൂഢ. ത്വര = ബദ്ധപ്പാടു്.

൧൨

വിഡംബനാൎത്ഥം = സമയം കഴിപ്പാൻ മാത്രമായി. കൃതി = പ്രവൃത്തി = യത്നം.

൧൩

ഉപദക്ഷിണാപഥം = ദക്ഷിണാപഥത്തിന്റെ സമീപം. നഭസ്സെ = ആകാശത്തെ. മേഘാംബരഡംബരൻ = മേഘങ്ങളാകുന്ന വസ്ത്രാലങ്കാരത്തോടുകൂടിയവൻ.

൧൪

പരിണാഹം = വിസ്താരം. മഹാവനം = വൻകാട. ഹരിതാഭം = പച്ചനിറമായ. സാനുമാൻ = പൎവ്വതം. പരപാൎശ്വം = അപ്പുറത്തെ ചരിവു്. സസ്വര = ശബ്ദത്തോടുകൂടിയതു്. രേവാ = നൎമ്മദാ.

൧൫

ദുഃസ്ഥൻ = കഷ്ടപ്പെട്ടു ജീവിക്കുന്നവൻ. അവനം = രക്ഷ

൧൬

കൃശരൂക്ഷഗാത്രൻ = മെലിഞ്ഞു വരണ്ട ദേഹത്തോടുകൂടിയവൻ. അനവദ്യാകൃതി = സുന്ദരരൂപൻ. അസ്ഥിശേഷൻ = അസ്ഥിമാത്രമായി ശേഷിച്ച ശരീരമുള്ളവൻ.

൧൭

ഭൃഗു = തടം. പ്രേതസമം = പ്രേതത്തെപ്പോലെ, വികലാത്മാ = ബുദ്ധിക്കു വൈകല്യം ഭവിച്ചവൻ (സ്വസ്ഥബുദ്ധിയല്ലാത്തവൻ).

൧൮

അഫലപ്രയാസ = പ്രയത്നം ഫലിക്കാത്തവൾ. അതുലസ്നേഹനിധി = തുല്യമല്ലാത്ത സ്നേഹത്തിന്നിരിപ്പിടമായവൾ. കൃതിസാദ്ധ്യത = യത്നത്താൽ സാദ്ധ്യമാവുക എന്നുള്ള അവസ്ഥ. കാമ്യം = ഇച്ഛിക്കത്തക്കതു്. കൃതകൃത്യത്വം = ചാരിതാൎത്ഥ്യം സാദ്ധ്യമായ വിഷയങ്ങളിലെ പ്രയത്നത്തിൽമാത്രമേ ബുദ്ധിയുള്ളവർ ചാരിതാൎത്ഥ്യം കാംക്ഷിക്കാറുള്ളു എന്നു താല്പൎയ്യം.

Digitized By Kerala Sahitya Akademi

൧൯

പരീതൻ=ചുററപ്പെട്ടവൻ, സനാഥകൾ=ഭർത്താക്കന്മാരുള്ളവർ. ആർദ്രത=ദയ.

൨൦

കാനനപക്കണസ്ഥകൾ=കാട്ടുകുടിലുകളിൽ താമസിക്കുന്നവർ, പുരവാസികൾ=നഗരവാസികൾ അനാർജ്ജവം=കൃത്രിമബുദ്ധി.

൨൧

അവശൻ=പരവശൻ.

൨൨

ഉത്സ്രുതം=പൊഴിഞ്ഞുവീണതു്. വിതതേക്ഷണ=വിശാലനേത്ര. മൂച്ഛിക്ക=പ്രതിഫലിക്ക. കവിളിൽക്കൂടി ഒഴുകുന്ന കണ്ണുനീരിൽ ചന്ദ്രരശ്മി അധികം പ്രകാശിച്ചുകണ്ടപ്പോൾ കരയുന്നുണ്ടെന്നു സ്പഷ്ടമായി മനസ്സിലാക്കി എന്നു താല്പൎയ്യം.

൨൩

ശിക്ഷിതചിത്തമർ=അഭ്യാസത്താൽ സ്വാധീനമാക്കിയ ചിത്തത്തോടുകൂടിയവർ. സ്ഫുടം=സ്പഷ്ടം.

൨൪

കിരാതിമാർ=വെടത്തികൾ. സ്വയം=താനേതന്ന. നിയതം=നിശ്ചയമായും.

൨൫

കൃതിച്ച്=കവിതയാക്കി. സ്ഥിരരാഗലോലകൾ=സ്ഥിരാനുരാഗത്തെ അനുമോദിക്കുന്നവർ. പ്രാകൃതചിന്തകൾ=സ്വാഭാവികമായ മനോവികാരങ്ങൾ. വേടത്തികൾ സ്ഥിരാനുരാഗത്തെ അനുമോദിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ല. സ്വാഭാവികമായ മനോഭാവങ്ങൾ പരിഷ്കൃതക്കും അപരിഷ്കൃതക്കും ഒരുപോലെ ആയിരിക്കുമെന്നുതാല്പൎയ്യം.

൨൬

സൌഹൃദവ്രതൻ=സ്നേഹനിഷ്ഠയുള്ളവൻ. ചരലോകത്തെ=പ്രാണിവൎഗ്ഗങ്ങളെ. അൻപ്=സ്നേഹം. ഹരിക്ക=ആകൎഷിക്ക=സ്നേഹം ആകൎഷകമാണല്ലോ. ഇതു് അവന്റെ ശുദ്ധസ്നേഹത്തിന്റെ ഉൽകൎഷത്തെകാണിക്കുന്നു.

Digitized By Kerala Sahitya Akademi

൨൭

അവശം=പരവശമാകുംവണ്ണം (സ്വാസ്വാതന്ത്ര്യംവിട്ടു) നിസർഗ്ഗചേഷ്ടകൾ=സ്വാഭാവികമായ പ്രവൃത്തികൾ. വനസത്വകുലങ്ങൾ=കാട്ടുജന്തുക്കളുടെ കൂട്ടങ്ങൾ. മക്ഷികാളികൾ=തേനീച്ചകൾ

൨൮

മൃതകല്പൻ=മിക്കവാറും മരിച്ചവൻ. പ്രത്യക്ഷമാംപ്രണയാർത്തൻ=പ്രത്യക്ഷമായ പ്രണയത്താൽ ആർത്തനായവൻ. വ്യഥ=ദുഃഖം.

൨൯

ആത്മനിബന്ധനം=തന്നിൽ തന്നെ അടങ്ങിയിരിക്കുന്നതു്. പരതന്ത്രം=മറെറാരാളെ ആശ്രയിച്ചിരിക്കുന്നതു്. ദുർല്ലഭ നായകനെ തൻെറ സുഖത്തിന്നാധാരമായി കരുതിയാൽ ഫലം ദുഃഖമായിരിക്കുമെന്നും ഇങ്ങിനെ പറയുന്നതു് സ്നേഹക്കുറവുകൊണ്ടല്ലെന്നും പരമാർത്ഥമായ തത്വമാണെന്നും അതനുഷ്ഠിച്ചാൽ ദുഃഖിപ്പാനിടയില്ലെന്നും താല്പര്യം. കഠോര=നിർദ്ദയ.

൩൦

ഉജ്വലം=കത്തിക്കാളുന്ന. പ്രണയോഷ്ണരശ്മി=പ്രണയത്തിൻെറ ഉഷ്ണരശ്മി (ഉഷ്ണരശ്മി=സൂര്യൻ എന്നും) വിലയോന്മുഖം=അവസാനിപ്പാൻ പോകുന്ന.

൩൧

കൃശം=അല്പം. ജീവിതം=ആയുസ്സ. കുശലേ=പണ്ഡിതേ. കുശലം=നന്മ. ശിശിരാർദ്ദിതം=ശിശിരകാലത്താൽ അർദ്ദിതം: അർദ്ദിതം=പീഡിപ്പിക്കപ്പെട്ടതു്. ശിശിരകാലത്തെ വായുവിൽ ഉണങ്ങിയതു്. തെന്നൽ=തെക്കൻകാററു്. വസന്തകാലത്തെ കാററു്. "ശിശിരാർദ്ദിതമാകുമാദലം" എന്നതു് സഖി നായകനെ കണ്ടപ്പോൾ ഉള്ള അവൻെറ ശരീരാവസ്ഥയെ ദ്യോതിപ്പിക്കുന്നു. ഈ രാഗോദ്ദീപകമായ വസന്തകാലത്തു് അവൻ ജീവിച്ചിരിപ്പാൻ ശക്തനാകയില്ലെന്നും അതുകൊണ്ടു ശിശിരകാലത്തെ പഴുത്ത ഇലകളെപ്പോലെ ഇപ്പോൾ ജീവിതം വിട്ടിരിക്കാമെന്നും സഖി അനുമാനിക്കുന്നു.

൩൨

വിധുര=വിരഹിണി. ആസ്ഥ=ഉൽകണ്ഠ. മധുരസ്വപ്നം=സുഖകരമായ കിനാവു്.

Digitized By Kerala Sahitya Akademi

൩൩

അനപത്യം = സന്തതിയില്ലാത്തതു്. കുലം = കുഡുംബം. മനമെത്താത്ത = ഇത്രയെന്നു മതിപ്പാൻ കഴിയാത്ത. നാഥ = ഉടമസ്ഥ.

൩൪

അവനു = മദനനു്. ചാരിതാൎത്ഥ്യം = കൃതാൎത്ഥത. ഇത = താഴെ പറയുവാൻ പോകുന്നതു്. അതിലോകമനൊഹരാംഗി = ലോകസാധാരണമല്ലാത്ത സൌന്ദൎയ്യമുള്ളവൾ. തൽപ്രേമവിധേയ = അവന്റെ സ്നേഹത്തിനു കീഴ്പ്പെട്ടതു്. (അവനേകുറിച്ചു ഇതിലധികം പശ്ചാത്തപിക്കേണ്ട ആവശ്യകത ഇല്ല. നീ അവനെ സ്നേഹിച്ചു എന്നുള്ളതു തന്നെ അവന്റെ മഹാഭാഗ്യമാണു്. അത്രമാത്രംകൊണ്ടുതന്നെ അവൻ കൃതാൎത്ഥനാകേണ്ടതുമാണെന്നുസാരം.)

൩൫

വൈകൃതം = വൈകല്യം = വികൃതസ്വഭാവം. ഭ്രമം = മോഹം.

൩൬

ശ്രുതി = ചെവി. ആതുര = ഖിന്ന. കാന്തഗുണാപമാനി = കാന്തന്റെ ഗുണത്തെ അപമാനിക്കുന്നവൾ. ഇതു് = താഴെ പറയുന്നതു്.

൩൭

അയി = എടൊ. ചാരുതരാന്തരംഗൻ = ചാരുതരമായ അന്തരംഗത്തോടുകൂടിയവൻ. ചാരുതരം അതിസൌന്ദൎയ്യമുള്ളതു്. അന്തരംഗം = മനസ്സ് (മനോഗുണമേറിയവൻ) ദയിതൻ = പ്രിയൻ. മൃൺമയം = പാൎത്ഥിവം = ഭൌതികം (പഞ്ചഭൂതമയം) ഭംഗുരഭംഗി = നശിച്ചുപോകുന്ന സൌന്ദൎയ്യത്തോടുകൂടിയതു്. എനിക്കു നീ പറയുംവണ്ണമുള്ള അംഗസൌന്ദൎയ്യമുണ്ടെങ്കിൽ അതിനേക്കാൾ വലിയ മനസ്സൌന്ദൎയ്യം അദ്ദേഹത്തിനുണ്ടെന്നും നശ്വരമായ ശരീരസൌന്ദൎയ്യത്തിൽ ഭ്രമിക്കുന്നവനല്ലെന്നും താല്പൎയ്യം.

൩൮

രതി = അനുരാഗം. വ്രതം = തപസ്സ് ധൃതിമാൻ = ധീരൻ. ധന്യൻ = പുണ്യവാൻ = സുകൃതി. സ്ത്രീക്കാകട്ടെ പുരുഷനാകട്ടെ അനുരാഗം സ്ഥിരമായി ഒരു ദിക്കിൽതന്നെ നിൽക്കുന്നതായാൽ അതിനേക്കാൾ

Digitized By Kerala Sahitya Akademi

വലുതായ ഒരു വ്രതം ലോകത്തില്ല. അങ്ങിനേയുള്ള വ്രതം പൂൎത്ത യായി ദീക്ഷിച്ചിരിക്കുന്ന എന്റെ പ്രിയതമൻ എത്ര ധന്യൻ! എന്നു താല്പൎയ്യം.

൰൯

പ്രണയൈകവൃത്തി = സ്നേഹചേഷ്ടാമാത്രം = കേവലലം പ്രണയത്തിന്റെ ചേഷ്ടം. കവളിപ്പിച്ചു = വഞ്ചിച്ചു. നൃശംസ = ക്രൂര. നവരാഗി = പുതുതായി അനുരാഗിയായവൻ. ഭവനാവസ്ഥ = നായികയുടെ കുടുംബസ്ഥിതി. ശോഭ = സൌന്ദൎയ്യം = ലാവണ്യം.

൰൦

ഓർപ്പൂ = അറിയുന്നു. അനാദരോക്തികൾ = ബഹുമാനം കുറയ്ക്കുവാനായുള്ള വാക്കുകൾ. ഉന്മഥനം ചെയ്ക = ക്ലേശിപ്പിക്ക.

൰൧

വിപന്നൻ = ആപത്തിലകപ്പെട്ടവൻ. പ്രിയം = സ്നേഹം. നയം = ന്യായം (സ്നേഹധൎമ്മം). രുജ = മനോവേദന. പക്ഷപാതിനി = പക്ഷപാതമുള്ളവൾ. പക്ഷപാതം = സ്നേഹം (ഒരുപക്ഷത്തിൽമാത്രമുള്ള സ്നേഹം).

൰൨

അധീന = കീഴ്പെട്ടതു്. ചേതന = ബുദ്ധി. യുക്തി = ന്യായവാദം. ജ്വാല = അഗ്നിജ്വാല. ഇന്ധനം = വിറക.

൰൩

കില്ല് = സംശയം. നയിക്ക = കൊണ്ടുപോവുക.

൰൪

വ്യവസായം = നിശ്ചയം. കൃത്യബോധം = കൎത്തവ്യജ്ഞാനം. ശിഖി = അഗ്നി. ധൂമാകുലം = ധൂമത്താൽ ആകുലം. ആകുലം = വ്യാപ്തം. (എന്തുചെയ്യണമെന്നു നിശ്ചയമില്ലാഞ്ഞു കുഴങ്ങി എന്നു താല്പൎയ്യം).

൰൫

വെള്ളി = പ്രഭാതനക്ഷത്രം (ശുക്രൻ). വാടിയിൽ = തോട്ടത്തിൽ. സ്ഥിതി = സമയാവസ്ഥ.

൰൬

ജ്വലരാഗ = ജ്വലിക്കുന്ന അനുരാഗത്തോടു കൂടിയവൾ. അധി

Digitized By Kerala Sahitya Akademi

ൃകോൽകണ്ഠം = ഏററവും ഉൽകണ്ഠയോടുകൂടുംവണ്ണം. മതിശാലിനി = ബുദ്ധിശാലിനി. വാച്യഭീതി = അപവാദഭയം. ക്രുധ = കോപം.

൨൭

മുറ = മര്യാദ. മുഗ്ദ്ധമതേ = മോഹത്താൽ വിവേകംപോയവളേ! സ്വൈരിണി = സ്വതന്ത്ര. ഉന്മാദികൾ = ഭ്രാന്തുള്ളവർ.

൨൮

സുദീർഘയാത്ര = ഏററവും ദീർഘമായയാത്ര. സുഖാസനോചിത = സുഖാസനങ്ങളിൽ ശീലിച്ചവൾ. ഭീകരം = ഭയങ്കരം. വിന്ധ്യപദ്ധതി = വിന്ധ്യപർവ്വതത്തിലേ വഴി. അസഹായ നാരിമാർ = കൂടെ ആരുമില്ലാത്തസ്ത്രീകൾ.

൨൯

പുമാൻ = മനുഷ്യൻ. പവനൻ = വായു.

൩൦

പരം = പിന്നെയും. വരൻ = മണവാളൻ. അസുബന്ധം = പ്രാണബന്ധം. നരകങ്കാളം = മനുഷ്യാസ്ഥിക്കൂട് (അസ്ഥി) (ആരോഗ്യശാലികൾക്കുപോലും ജീവിതം വിശ്വസിക്കത്തക്കതല്ല. അങ്ങിനെ ഇരിക്കെ അസ്ഥിമാത്രം ശേഷമായിരിക്കുന്ന അവൻ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്നു് എങ്ങിനെ വിശ്വസിക്കും എന്നു താല്പര്യം).

൩൧

അതിവത്സല = ഏററം സ്നേഹമുള്ളവൾ. ബുധർ = വിവേകികൾ. അപ്രിയസത്യം = പ്രിയമല്ലാത്ത സത്യം. നീതി = ധർമ്മം. സൌഹൃദം = സ്നേഹം. ഇതു് = ഞാൻ പറയുന്നതു്. (അപ്രിയമാണെങ്കിലും ഞാൻ സത്യം പറയുന്നതു സ്നേഹം കൊണ്ടാണെന്നു താല്പര്യം).

൩൨

വിധി = സ്രഷ്ടാവ്. വിശ്വസുഖം = ലോകസുഖം. സ്വദിക്ക = അനുഭവിച്ചറിയുക. മതി = ബുദ്ധി. രാഗം = ഇച്ഛ. രതി = രാഗം. അസമീക്ഷ്യകാരി = ബുദ്ധി ഉപയോഗിക്കാതെ പ്രവൃത്തിക്കുന്നവൻ. സുധി = നല്ലബുദ്ധിയുള്ളവൻ. ധാതാവെ = സ്രഷ്ടാവെ. അനാദരിക്ക = നിന്ദിക്ക

Digitized By Kerala Sahitya Akademi

൫൩

അതിമോഹാകുലം = അതിമോഹത്താൽ കുഴങ്ങിയതു്. വിരമിക്ക = പിൻ വലിക്ക. ക്ഷതി = അപായം.

൫൪

പരം = ഏററവും. പീഡ = വേദന. കരുണാർഹ = ദയനീയ. കുലായം = കൂടു്. ആത്തം = ആഞ്ഞിപിടിച്ചതു്. ചുഴന്നവായു = ചുററി അടിക്കുന്നകാററു്.

൫൫

ഉദ്ധശക്തി = ഒന്നായിസ്വരൂപിച്ച ശക്തിയോടുകൂടിയതു്. വിങ്ങി = ഞെരുങ്ങി. മനതാർ = മനസ്സാകുന്ന പുഷ്പം. അനവദ്യഗുണാഢ്യ = അനവദ്യങ്ങളായ ഗുണങ്ങളോടു കൂടിയവൾ. അനവദ്യങ്ങൾ = പരിശുദ്ധങ്ങൾ. ഘനസൌരഭ്യം = വ്യാപ്തമായ പരിമളം, ഇടതിങ്ങിയ പരിമളം.

൫൬

വിഹിതാവിഹിതങ്ങൾ = വിധിനിഷേധങ്ങൾ (നന്മതിന്മകൾ) ഇഹ = ഈ ലോകത്തിൽ. ധമ്മരഹസ്യം = കത്തവ്യപരമാത്ഥം. നിഹിതം = നിക്ഷിപ്തം. നിത്യവിഭിന്നം = എന്നും മാറിക്കൊണ്ടിരിക്കുന്നതു്. നയം = ലൊകനീതി. മനസ്സാക്ഷിയാണു് കൃത്യാകൃത്യങ്ങളിൽ പ്രധാനപ്രമാണമെന്നും ലോകനീതി കാലദേശാവസ്ഥകൾ അനുസരിച്ചു് മാറിക്കൊണ്ടിരിക്കുന്നതിനാൽ അതു പ്രധാനമല്ലെന്നും താല്പര്യം.

൫൭

അറിയുംജനനീതിസീമ = അറിവിൽപെട്ട ലോകനീതിയുടെ അതൃത്തി. തിറമായി = സാമത്ഥ്യത്തോടെ. അപൂൎണ്ണരാഗികൾ = അനുരാഗത്തിൽ പൂൎണ്ണതയില്ലാത്തവർ. നിറയുംരതി = പൂൎണ്ണാനുരാഗം. ലോകസംഗ്രഹം = ലോകമയ്യാദയെ പാലിക്കുന്നതു്. കുറി = ലക്ഷ്യം. കുസൽ = സങ്കോചം.

൫൮

സുപരീക്ഷിതം = നല്ലവണ്ണം പരിശോധിച്ചതു്. ഇതു = ഈ മനഃപരിപാകം (എന്നു താല്പര്യം). ത്രപ = ലജ്ജ = നാണം. അപരോക്ഷം = പ്രത്യക്ഷമായിട്ടു. പ്രിയഹസ്തപീഡനം = പ്രിയന്റെ പാണിഗ്രഹണം.

Digitized By Kerala Sahitya Akademi

൫൯

ബാഹ്യം = പുറമേയുള്ളതു്. തടവുക = ആശ്രയിച്ചുനില്ക്കുക. അതീവ = ഏററവും. സ്ഫുടസൌഹൃദം = സ്പഷ്ടമായ സ്നേഹം. ആന്തരാത്മികം = അന്തരാത്മാവിലുള്ളതു്. ലോകമൈത്ര്യാദികൾ സ്ഥൂലശരീരത്തെ മാത്രം ആസ്പദമാക്കിനില്ക്കുന്നു. അതുകൊണ്ടു അവ, സ്ഥൂലശരീരത്തേക്കാൾ പുറമേയുള്ളവയാകുന്നു. അവയെ വിസ്മരിപ്പാൻ കഴിയും. എന്നാൽ പരിപക്വമായ സ്നേഹം അന്തരാത്മാവിൽ വ്യാപിച്ചു പോയിരിക്കുന്നതാകയാൽ അതിനെ വിട്ടുപിരിയുന്നതു് അസാദ്ധ്യം എന്നു താല്പര്യം.

൬൦

അലം = മതി. അതിഭീതി = വേണ്ടതിലധികമായ ഭയം. ധീമതി = ബുദ്ധിയുള്ളവൾ. മാംസകഞ്ചുകം = മാംസചട്ട (സ്ഥൂലശരീരം). വിശേഷവേദികൾ = വിശേഷജ്ഞാനമുള്ളവർ.

൬൧

ഭയസീമ = ഭയത്തിന്റെ പരമകാഷ്ഠ. അനാരതം = എപ്പോഴും. വിരഹാർത്ത = വിരഹപീഡിത. പ്രാണികൾക്കു മരണമാണു് ഏററവും ഭയങ്കരമായിട്ടുള്ളതു്. എനിക്കു മറിച്ചു് വിരഹവേദനകൊണ്ടു ജീവിതമാണു് അതിഭയങ്കരമായി തീന്നിരിക്കുന്നതു്. അതിനാൽ അവസ്ഥയനുസരിച്ചു അനുഭവം ഭേദിച്ചിരിക്കുന്നതുകൊണ്ടു ന്യായവും ഭേദിച്ചിരിക്കുമെന്നു താല്പര്യം.

൬൨

ദ്രുതം = വേഗം. ആ വനഭാഗം = നീ പറഞ്ഞ വനപ്രദേശം.

൬൩

പരം = എന്നുതന്നെയല്ല. ജലാർത്ഥി = വെള്ളം അന്വേഷിക്കുന്നതു്

൬൪

വപുസ്സ് = ശരീരം. ത്വര = ബദ്ധപ്പാടു്. ഈർഷ്യ = അസൂയ. പക്ഷികളുടെ അത്രവേഗത്തിൽ നീ ഇരിക്കുന്ന ദിക്കിൽ പറന്നെത്താൻ എനിക്കു ചിറകില്ലാഞ്ഞിട്ടു അവയോടു അസൂയതോന്നുന്നു.

൬൫

പരിണാമി = അസ്തമിക്കാൻ പോകുന്നതു്. ഉരുദൂരാന്തപരേഖ = വ

Digitized By Kerala Sahitya Akademi

ഉരെ ദൂരത്തുള്ള ആതപരേഖ. ആതപരേഖ=രശ്മി. രവി=സൂൎയ്യൻ.

൬

സ്ഥിരചേതനകൾ=സ്ഥിരനിശ്ചയമുള്ള ആത്മാക്കൾ. സമവായം=സംബന്ധവിശേഷം. വൈഭവം=ബലം. പരൻ=മററാരുത്തൻ. മോഹം=ഭ്രാന്തി. ആയതു=ആ സംബന്ധബലം.

൭

കോകനായകൻ=ആൺ ചക്രവാകപക്ഷി. വിരഹോൽകണ്ഠ=വിരഹവേദന.

൮

സകരുണം=കരുണരസത്തോടുകൂടെ. സഹ്യമല്ലാഞ്ഞു=പൊറുക്കാൻ കഴിയാതെ. പികമൊഴി=കുയിലിനെപ്പോലെ ശബ്ദമാധുൎയ്യമുള്ളവൾ. അനുകമ്പാശാലികൾ=പരസ്പരസ്നേഹമുള്ളവർ. സമക്ഷം=സന്നിധിയിൽ.

൯

പ്രസന്നകുലദൈവം=പ്രസാദിച്ചിരിക്കുന്ന കുലദൈവത. അമ്പ്=കരുണ. വിന്ധ്യവാസിനി=പ്രസിദ്ധപ്പെട്ട വിന്ധ്യാപൎവ്വതക്ഷേത്രത്തിലെ ഭഗവതി.

൧൦

ആ വനാന്തം=നായകൻ വസിക്കുന്ന വിന്ധ്യവനം. ബാഹ്യേന്ദ്രിയം=പഞ്ചേന്ദ്രിയങ്ങൾ. ചിത്തസത്വങ്ങൾ=മനസ്സും ആത്മാവും.

മൂന്നാംസൎഗ്ഗം.

൧

അധരിത കിന്നരനാരിമാർ=സൌന്ദൎയ്യംകൊണ്ടു കിന്നരസ്ത്രീകളെ കീഴാക്കിയവർ. വൃദ്ധ=വലിയത്. കൂട്ട്=സംഘം. വിധുര=വിരഹത്ത. പലരകകൾ=വെള്ളിൽ പക്ഷികൾ.

൨

കുസുമിതവനകാന്തി=പൂത്തിരിക്കുന്ന കാട്ടിന്റെ ശോഭ. ആത്മ

Digitized By Kerala Sahitya Akademi

കാന്തവാസനിനി = തന്റെ ഭർത്താവിൽ അത്യാസക്തയായവൾ. അനൎഘമണി = ദുർല്ലഭമായ (വിലയേറിയ) രത്നം. അസദൃശം = തുല്യമില്ലാത്തത്. ആകരം = ഖനി. ധാതുഭംഗി = ധാതുക്കളുടെ ശോഭ. ധാതുക്കൾ = ചായില്യം മനയോല മുതലായ ധാതുക്കൾ.

൩

ചമ്പകഗന്ധി = ചമ്പകപുഷ്പത്തിന്റെ ഗന്ധമുള്ളത്. ഹരിച്ച = ആകർഷിച്ച (കവൎന്ന) അന്തരംഗം = മനസ്സ്. നർമ്മദോർമ്മീപരിചയശൈത്യമിയന്ന മന്ദവായു = നർമ്മദാനദിയിലെ ഓളങ്ങളിൽ തട്ടി തണുത്ത ഇളംകാററ്.

൪

സുഖദം = സുഖകരം. മുഖരസം = മുഖഭാവം. വനാവലി = വനനിര.

൫

തരുനായകോപകണ്ഠം = തരുനായകന്റെ സമീപം. തരുനായകൻ = വന്മരം. അലർ = പുഷ്പം. ലളിതം = മനോഹരം. ലതാവലി = വള്ളിക്കൂട്ടം. ലാസ്യം = നൃത്തം.

൬

ഭിദുരം = തുറക്കുന്നതു്; (വെളിവാക്കുന്നതു്.) പൂർവ്വവിസ്മൃതി = പഴയ ഓർമ്മകൾ. മൃദുതരവായുതരംഗരംഗലോലം = മൃദുതരവായുവിന്റെ തരംഗരംഗത്തിൽലോലം. മൃദുതരവായു = ഇളങ്കാററ്. തരംഗരംഗം = അലയാകുന്ന അരങ്ങ്. ലോലം = കളിയാടുന്നത്. ഹൃതഹൃദയം = മനസ്സിനെ കവരുന്നതു്. ഹിതകരം = ശുഭസൂചകം. ഹേമപുഷ്പഗന്ധം = ചെമ്പകപ്പൂവിന്റെ ഗന്ധം.

൭

അവികലനിർമ്മലർ = പൂർണ്ണശുദ്ധന്മാർ. അവിതഥം = സത്യസ്വരൂപം. ജീവിതദൈവതം = ജീവിതത്തിന്റെ അധിഷ്ഠാനദേവത. (ജീവനായകൻ).

൮

ഉരുകിസലയ ചാരുശാഖ = അധികമായിരിക്കുന്ന തളിരുകളാൽ മനോഹരമായ ശാഖ. ശാഖ = കൊമ്പ്. തരു = വൃക്ഷം.

൯

ത്വരയൊടു = വേഗത്തോടെ. പരിചിത = പരിചയിച്ചിട്ടുള്ളവൾ.

Digitized By Kerala Sahitya Akademi

൧൦

ഗിരികടകം = ഗിരിയുടെ ചരിവു. മഞ്ജുതരവാപരിസരം = മനോഹരമായിരിക്കുന്ന നൎമ്മദാനദിയുടെ സമീപപ്രദേശം. ഉരുകുസുമം = വളരെ പുഷ്പങ്ങളുള്ളതു്. ഉദാരശോഭം = ഗംഭീരമായഭംഗിയുള്ളതു്. ഉഷസ്സ് = പ്രഭാതം. മനോജ്ഞം = മനോഹരം.

൧൧

പൊൻപൂവിടപികൾ = പൂത്ത ചമ്പകവൃക്ഷങ്ങൾ. അതിമോഹലോഹിതാംഗി = അനുരാഗാധിക്യത്താൽ ചുവന്ന ശരീരത്തോടുകൂടിയവൾ. പുളകപാളി = രോമാഞ്ചനിര. അശോകശാഖ = അശോകത്തിന്റെ കൊമ്പു്.

൧൨

അനൎഗ്ഗള ബാഷ്പവൃഷ്ടി = തടവുകൂടാത്ത അശ്രുധാര. മൂക = ശബ്ദിക്കാത്തവൾ. വിഹ്വലാംഗി = പരവശമായ അംഗത്തോടുകൂടിയവൾ.

൧൩

തനുഭരം = ശരീരത്തിന്റെ ഭാരം. വിലങ്ങുന്ന = കുറുക്കെ ഗമിക്കുന്ന. അനലശിഖാജ്വാലം = തീജ്വാലപോലെ തിളങ്ങുന്നതു്. ഏകഹസ്തം = ഒററക്കൈ. വീണാനിനദ = വീണാനാദംപോലെ സ്വരത്തിനു മാധുൎയ്യമുള്ളവൾ. സമുൽഗതഗൽഗദം = പൊങ്ങിയിരിക്കുന്ന തൊണ്ടവിറയലോടുകൂടുംവണ്ണം.

൧൪

കുസുമശബളകാന്തി = നാനാവൎണ്ണങ്ങളായ പുഷ്പങ്ങളെക്കൊണ്ടു് ചിത്രമായ കാന്തിയോടുകൂടിയതു്. നഭസ്സിൽ = ആകാശത്തിൽ. പ്രസൃമരം = പരന്നിരിക്കുന്നതു്. ചമ്പകാതപം = ചമ്പകപ്പൂക്കളാകുന്ന വെയിൽ. അസമയ രമണീയം = അസമയത്തിൽ രമണീയമായിരിക്കുന്നതു്. സ്വസഖി = ഇഷ്ടതോഴി. ഉഷസ്സുഷമ = പ്രഭാതശോഭ. നിത്യഭാവം = നിത്യത്വം (നാനാവൎണ്ണങ്ങളായ മററു പുഷ്പങ്ങളുടേയും, ഇളവെയിലിന്റെ കാന്തിയോടുകൂടി എങ്ങും വ്യാപിച്ചിരിക്കുന്ന ചമ്പകപ്പൂക്കളുടേയും ശോഭകൊണ്ടു ആ ഘട്ടത്തു് സമയഭേദമില്ലാതെ പ്രഭാതം സ്ഥിരമായി നിൽക്കുന്നോ എന്നു തോന്നുമെന്നു താല്പൎയ്യം.

൧൫

ചിത്രവൎണ്ണം = നാനാവൎണ്ണം. ഉലക = ലോകം. ചലദനിലം =

Digitized By Kerala Sahitya Akademi

പ്രതി = ഇളകുന്ന ഗാംഭീര്യത്തോടും. ചാരുചിത്ര ഗന്ധം = മനോഹരമായ നാനാഗന്ധങ്ങളോടുകൂടിയതു്. വിസ്മരം = വ്യാപിച്ചിരിക്കുന്നതു്. ചിത്രനാദം = നാനാവിധശബ്ദങ്ങളോടുകൂടിയതു്. കുതൂഹലം = കൌതുകം. ഭൂരിഭേദം = ഏററവും ഭിന്നഭിന്നമായിരിക്കുന്നതു്. വ്യാമദ്യാദിഭൂതങ്ങളുടെ ഗുണങ്ങൾ അവയുടെ നാനാപരിണാമങ്ങളോടുകൂടി അവൎക്കു അത്ഭുതപൂൎവ്വമായ ആനന്ദത്തെ നല്കി എന്നൎത്ഥം.

൯൬

ഗഗനതടം = ആകാശപാൎശ്വം. നഗപതി = പൎവ്വതശ്രേഷ്ഠൻ (വിന്ധ്യൻ). നിതംബഭൂ = അടിവാരം. ഏവം = ഇങ്ങിനെ. അഗണിതഭംഗി = ഗണിപ്പാൻ കഴിയാത്തഭംഗി. അഭവ്യം = അമംഗലം = ഭദ്രമല്ലാത്തു.

൯൭

അനഘൻ = നിൎമ്മലൻ. അമരകല്പൻ = ദേവതുല്യൻ. തദ്ദു് = സ്വന്തം. ഗതി = ഓട്ടം. മയൂരം = ഛായ. വാജി = കുതിര.

൯൮

നവചമ്പകോത്സുകൻ = പുതിയ ചമ്പകപ്പൂക്കളിൽ അതിതാല്പൎയ്യമുള്ളവൻ. മദ്ദയിതൻ = എൻെറ പ്രിയൻ. അഹേതുകം = കാരണംകൂടാതെ. (സഹജം). ഏതൽ പ്രിയതരമഞ്ജരി = ഇതിൻെറ (ചമ്പകത്തിൻെറ) ആനന്ദപ്രദമായ പൂംകുല. മഞ്ജുദ്യുതി = മനോഹരിയായ ദ്യുതി.

൯൯

അനിരതസമദ്യുതി = മറെറാന്നിനില്ലാത്ത സൌഭാഗ്യമുള്ളതു്. വനിതകൾ = സ്ത്രീകൾ.

൱

വിധൃത = രമിക്കപ്പെടുന്നതു്. (ഇളക്കപ്പെടുന്നതെന്നും) മഹസ്സ് = കാന്തി. അധരിതതാരക = നക്ഷത്രത്തെ കീഴാക്കുന്നതു്. മധുപമലിനർ = മധുപന്മാരായ മലിനർ. മധുപന്മാർ = വണ്ടുകൾ, മദ്യപന്മാർ എന്നും; മലിനർ = പാപവൃത്തികൾ, കറുത്തവ എന്നും. വിധുവനാവലിവല്ലിലമ്പടന്മാർ = ആൎത്തരായി കാടുകളിലെ വല്ലികൾതോറും തെണ്ടി നടക്കുന്നവർ. (ചമ്പകപ്പൂക്കളിൽ വണ്ടുകൾ പോകാറില്ലത്രെ.)

൱൧

രമണ = പ്രിയ. സാൎത്ഥം = അൎത്ഥമുള്ളതു്. കുസുമത്തിൽ = ചമ്പകപ്പൂവിൽ എന്നു താല്പൎയ്യം. സാഹജരസം = സ്വാഭാവികമായരസം. ഭവദീയരാഗയോഗം = അങ്ങയുടെ സ്നേഹബന്ധം. മഹദഭിമതം = മഹാന്മാൎക്കു സമ്മതമായിട്ടുള്ളതു്. ശീലം = സ്വഭാവം. സഹചർ = ഇ

Digitized By Kerala Sahitya Akademi

ഷ്ടന്മാർ. ഏകനിദർശനം = മുഖ്യദൃഷ്ടാന്തം. മുൻപറഞ്ഞ സംഗതി കൊണ്ടു ചാരിത്ര നിഷ്ഠയുള്ള ചമ്പകപ്പൂവിൽ അവർക്കു സ്വഭാവേനയുള്ള സ്നേഹബന്ധം അർത്ഥവത്ത് തന്നെ. ഒരാളുടെ സ്വഭാവത്തെപ്പററി അറിയുന്നതിനു അയാളുടെ സ്നേഹിതന്മാരെ ദൃഷ്ടാന്തമായെടുക്കുന്നതു് ഗഹത്തുകൾക്കു സമ്മതമായിട്ടുള്ളതാണ്.

൨൨

ദ്രുമം = (പ്രകൃതത്തിൽ) ചമ്പകവൃക്ഷം. നിശ്വസിച്ചു = നെടുവീർപ്പിട്ടു. സമരുചി = തുല്യശോഭ. മനോജ്ഞം = അഴകുള്ള. ഹസ്തതാർ = കൈത്താർ. (ചമ്പകപ്പൂവിന്റെ നിറമാണു് അവളുടെ കൈകൾ എന്നു താല്പര്യം.) മുത്തി = ചുംബിച്ചു. മൂഢ = മൂഢി.

൨൩

സ്വാദ്ധ്വീമണി = പതിവ്രതാരത്നം. പ്രണയി = പ്രിയൻ. അലംകൃതയാക്കുക = അലംകരിക്കുക.

൨൪

അവഹിതം = സൂക്ഷിച്ചു്. അവിരതം = ഒഴിയാതെ. ആത്മനിബന്ധനസ്വനങ്ങൾ = ആത്മാവിനെഹേതുവായിട്ടുള്ള ശബ്ദങ്ങൾ. സംഗമഗന്ധബന്ധുരങ്ങൾ = സംഗമം ഹേതുവായിട്ടുള്ള ഗന്ധത്താൽ മനോഹരങ്ങൾ. (അവന്റെ അംഗസൌരഭ്യംകൊണ്ടു മനോഹരങ്ങൾ.) അവന്റെ ആന്തസ്വരങ്ങളും അംഗസൌരഭ്യവും ഈ കാട്ടിൽ ലയിച്ചുകിടക്കുന്നതായി അവളുടെ ഇന്ദ്രിയങ്ങൾക്കു അനുഭവപ്പെട്ടു എന്നു് താല്പര്യം.)

൨൫

വിചികിത്സ = സംശയം. വത്സലെ = സ്നേഹമുള്ളവളെ. പടിമ = സാമർത്ഥ്യം. ഇന്ദ്രിയം = ജ്ഞാനേന്ദ്രിയം. ദർപ്പണം = കണ്ണാടി. വാപി = കുളം.

൨൬

സ്വവശസുലഭ = സ്വന്തം അധീനതയിൽ ഉള്ളതു്; ഭൂഷ = ആഭരണം. അവയവപങ്ക്തി = അവയവങ്ങൾ. അവികലശോഭ = പൂർണ്ണമായ ശോഭ. ആത്മനാഥൻ = ജീവനാഥൻ.

൨൭

സ്ഫുരിതതനുപ്രഭം = മിന്നുന്നകാന്തിയോടു കൂടുംവണ്ണം. തരുനികുഞ്ജം = മരത്തിന്റെ അടിയിലുള്ള വള്ളിക്കുടിൽ. തരളതടില്ലത = ഇളകുന്ന മിന്നൽക്കൊടി. കന്ദരം = ഗുഹ.

൨൮

പല്ലവങ്ങൾ = തളിരുകൾ. വസന്തകാന്തി = വസന്തകാലഭംഗി.

Digitized By Kerala Sahitya Akademi

൨൯

അനുപദം = ഉടനെ. ജന്മരമ്യം = സ്വഭാവമനോഹരം. നിർഗ്ഗമിക്കുക = പുറത്തുവരുക. ഘനം = കട്ടിയുള്ളത്, സ്ഥൂലം; അനലപുടം = മൂശ. കനകശലാക = പൊൻകമ്പി.

൩൦

വിരളമണിസുമങ്ങൾ = ചുരുക്കം രത്നങ്ങളും പുഷ്പങ്ങളും. പരിഹിതനീലനവാംബരാഭ = ധരിച്ചിരിക്കുന്ന നീലവർണ്ണമായ വസ്ത്രത്തിന്റെ കാന്തി (ആകാശത്തിന്റെ എന്നും), വിരതകുസുമകാലതുല്യ = വസന്തകാലത്തിന്റെ അവസാനത്തോടുതുല്യം. ഗ്രീഷ്മാരംഭത്തോടു തുല്യമെന്നു താല്പര്യം. സ്ഫുരിതം = മിന്നുന്ന. പരാഗം = പൂമ്പൊടി. (പൊടി എന്നും) വരാംഗി = സുന്ദരി.

൩൧

തനുഗാത്രി = കൃശാംഗി.

൩൨

ലീലാവ്യവസിതസിദ്ധി = ലീലയുടെ നിശ്ചയത്തിന്റെ അല്ലെങ്കിൽ ശ്രമത്തിന്റെ ഫലം. അവയവസാദം = ശരീരത്തിന്റെ തളർച്ച.

൩൩

മടുമലർശില = പൂക്കൾ നിറഞ്ഞുകിടക്കുന്ന കല്ല്. അന്തിമേഘക്കൊടുമുടി = സന്ധ്യാമേഘത്തിന്റെ മുകൾഭാഗം. താരം = നക്ഷത്രം. തടം = താഴ്വര. തന്വി = കൃശഗാത്രി (ലീല) സ്ഫുടം = തെളിഞ്ഞത്. കിരണങ്ങൾ = രശ്മികൾ.

൩൪

പ്രിയമൊഴി = ഇഷ്ടമായവാക്ക്. വനദേവർ = വനദേവതകൾ. കപോതഘൂതഘോഷം = മാടപ്രാക്കൾ കുറുകുന്ന കോലാഹലം. പ്രിയന്റെ കഥ = ഭർത്താവിന്റെ വൃത്താന്തം. പ്രവൃദ്ധരാഗം = വർദ്ധിച്ചിരിക്കുന്ന രാഗത്തോടുകൂടിയത്. (രാഗം = അനുരാഗം. സ്വരമാധുര്യമെന്നും) ക്രൂഘൂക്രൂഘൂനിനാദം = ക്രൂ, ഘൂ, ക്രൂ, ഘൂ, എന്ന ശബ്ദം.

൩൫

അളിപടലികൾ = വണ്ടിൻകൂട്ടങ്ങൾ. ഭരം = ഭാരം. മരുത്ത് = വായു. കളകളം = കോലാഹലം.

൩൬

ഹൃദയനാഥ = ജീവനാഥ. ചിരവിയുക്തദർശനം = വളരെക്കാലമായി ഇല്ലാതിരിക്കുന്ന ദർശനം.

Digitized By Kerala Sahitya Akademi

൩൭

സ്ഥിരചരിതൻ = സ്ഥിരനിശ്ചയമുള്ളവൻ. മദീയജീവിതം = എന്റെ ജീവിതം. അഭിഷ്വംഗം = ആസക്തി.

൩൮

ഗുരുജനഭയപഞ്ജരസ്ഥ = ഗുരുജനഭയമാകുന്ന പഞ്ജരത്തിൽ ഇരിക്കുന്നവൾ. ഗുരുജനഭയം = അച്ഛനെക്കുറിച്ചുള്ള പേടി. പഞ്ജരം = കൂട്. പരൻ = അന്യൻ. ദത്ത = ദാനം ചെയ്യപ്പെട്ടവൾ.

൩൯

അഭിമാനം = ഗർവ്വം. അതുലൻ = തുല്യമില്ലാത്തവൻ. തുല്യശീല = തുല്യമായ ചാരിത്രശുദ്ധിയുള്ളവൾ. അമൂല്യരത്നം = വിലമതിക്കാൻ കഴിയാത്ത രത്നം. ശ്ലഥമതി = ചപലബുദ്ധി. ദയനീയ = ദയാർഹ.

൪൦

കരുതുവതു് = ഇഷ്ടമുള്ളതു്. വരുതി ലഭിച്ചതിൽ = ജനസമ്മതമായിട്ടുള്ളതിൽ. വിചാരം = മനോഗതി. പരമഹിതം = ഏററവും പത്ഥ്യമായിട്ടുള്ളതു്. (അറിഞ്ഞുകൂടാ = ആർക്കും അറിവാൻ തരമില്ല). ആയുസ്ഥിരത = ആയുസ്സിന്റെ സ്ഥിരത. നരത്വം = മനുഷ്യത്വം (കൃത്രിമമായ നിർബ്ബന്ധങ്ങളാലും സഹജമായ അസ്വാതന്ത്ര്യത്താലും മനുഷ്യന്റെ അവസ്ഥ ഏററവും നിന്ദ്യമാണെന്നു താല്പര്യം).

൪൧

പരവശ = സ്വാതന്ത്ര്യമില്ലാത്തവൾ. അപ്രഗത്ഭ = തന്റേടം ഉണ്ടാകാത്തവൾ. വിരസത = അഹിതം. പരിണതം = പക്വം.

൪൨

ചിരതരം = വളരെക്കാലം. ഗുണോൽക്കരം = ഗുണാധിക്യം. സ്ഥിരാത്മാവു് = സ്ഥിരഹൃദയൻ. നിമിഷാർദ്ധവും = അരനിമിഷവും.

൪൩

മതി = വേണ്ട. മതിയാക്കാം. മദുത്സുകൻ = എന്നിൽ ആസക്തിയോടുകൂടിയവൻ. അതിവിമലാശയൻ = ഏററവും പരിശുദ്ധഹൃദയൻ. അന്യഥാധരിക്കാ = തെററിധരിക്കുകയില്ല. ദ്യുതി = പ്രകാശം. രാഗഭൂവാം = യഥാർത്ഥമായ പ്രേമത്തിന്നിരിപ്പിടമായതു്. മലീമസശങ്ക = മലിനമായശങ്ക = ദുശ്ശങ്ക. അങ്കുരിക്ക = മുളക്കുക.

൪൪

അനുനയിക്ക = അനുവർത്തിക്ക.

Digitized By Kerala Sahitya Akademi

൨൫

നയനപഥം = ദൃഷ്ടിപഥം (കാഴ്ച) അറ്റ് = അററുനില്പ്. ഇന്ദ്രിയങ്ങൾക്ക = ജ്ഞാനേന്ദ്രിയങ്ങൾക്കും അന്തരിന്ദ്രിയത്തിനും (അന്തരിന്ദ്രിയം = മനസ്സ്). അരതിദദർശനം = വെറുപ്പുണ്ടാക്കുന്ന കാഴ്ച.

൨൬

അവഭയം = ഭയംകൂടാതെ.

൨൭

പ്രണയശിഖി = പ്രേമമാകുന്ന അഗ്നി. ഘൃണ = ദയ.

൨൮

കരുണകരുണം = ഏററവും ദയനീയമാംവണ്ണം. മൂർച്ഛ = മോഹാലസ്യം. ചിരതപവനവധി = കാററടങ്ങിയ കഴുൽ. ചിരുതം = ശബ്ദം ഗുല്മം = പൂച്ചെടി.

൨൯

പ്രണയനിഭൃതചിത്തം = നിറഞ്ഞ അനുരാഗത്താൽ നിശ്ചലമായിരിക്കുന്ന മനസ്സോടുകൂടുംവണ്ണം. ഗണം = കൂട്ടം. പതഗങ്ങൾ = പക്ഷികൾ. ശാഖി = വൃക്ഷം.

൩൦

ചുട്ടുലതികൾ = ആടുന്ന വള്ളികൾ. വിടപികൾ = വൃക്ഷങ്ങൾ. അനുമൂർച്ഛ = അനുസരിച്ചുള്ള മോഹാലസ്യം. മേളം = വാദ്യം. രംഗഭൂമി = അരങ്ങ്.

൩൧

നിയതചരമയാതൻ = നിശ്ചിതമായിരിക്കുന്ന ചരമയാനത്തോടുകൂടിയവൻ. ചരമയാനം = അസ്തപർവതത്തിലേക്കുള്ള യാത്ര (അവസാനയാത്രയെന്നും). ഓജഃക്ഷയദയനീയൻ = ഓജഃക്ഷയംകൊണ്ടു ദയനീയൻ. ഓജക്ഷയം = കാന്തിക്ഷയം (ശക്തിക്ഷയം എന്നും). ഉപചിതരാഗം = രാഗം വർദ്ധിച്ചത്. (രാഗം ചുവപ്പ് എന്നും അനുരാഗം എന്നും) കരം = രശ്മി, കൈയ്യ് എന്നും.

൩൨

ഹൃദയഹരണം = മനസ്സിനെ ആകർഷിക്കുന്നത്. വിലാപഗീതം = "വരിതഹൃദയനാഥ" എന്നുതുടങ്ങിയ വിലാപമാകുന്ന (പുലമ്പൽ ആകുന്ന) പാട്ട്. സദയിത = കാരുണ്യം. ചേതനം = ജീവലോകം. ഗദം = ശരീരാസ്വാസ്ഥ്യം.

൩൩

ഉരഗനിരകൾ = പാമ്പുകൾ. ധൂർത്തവംശരാഗം = ധൂർത്തന്മാരുടെ

Digitized By Kerala Sahitya Akademi

വംശരാഗം = ചതിക്കുന്നവരുടെ കുഴലൂത്ത്. വിഡംബഗാഥ = ശ്രുതിയില്ലാത്തപാട്ട. സുരർ = ദേവതകൾ. അലം = ഏററവും. ഫലാർഹം = സഫലമാവാൻ യോഗ്യം = ഉദ്ദേശംസാധിക്കേണ്ടത്. സരളമനോഹരം = നിഷ്കപടമായും മനോഹരമായും ഇരിക്കുന്നത്. സത്യഗാനം വാസ്തവമായഗാനം.

൫൪

വനമദ്ധ്യദീപികേ = നടുക്കാട്ടിലെ വിളക്കേ. ഇതി = ഇങ്ങിനെ വിദഗ്ദ്ധ = സമർത്ഥ. അംബരവാണി = അശരീരിവാക്ക്.

൫൫

ഉദിതബോധ = സ്വബോധം വന്നവൾ.

൫൬

വികൃതം = ബീഭത്സം. വിസ്പുടാശം = ആശ വെളിപ്പെട്ടമാറു്. കപോതി = പ്രാപ്പേട.

൫൭

വ്യവഹിതം = വേർപെട്ടത്. [illegible]വം = നിശ്ചയം. മാംസനിബദ്ധം = മാംസത്തിൽമാത്രം ബന്ധിച്ചുനിൽക്കുന്നത്. മാംസം = സ്ഥൂലശരീരം രാഗം = അനുരാഗം.

൫൯

ഇതരേതരം = അന്യോന്യം. സ്വവദനം = തന്റെമുഖം. എതിരിടുക = നേരേകാണുക. ദർപ്പണം = കണ്ണാടി. സവിധം = സമീപം.

൬൦

ശുഷ്കം = ഉണങ്ങിയത്. മോഹനവല്ലി = മനോഹരവല്ലി.

൬൧

മദജനകം = വ്യാമോഹത്തെ ഉണ്ടാക്കുന്നത്. അഭീഷ്ടം = ആശിച്ചിരുന്നത്. രൂപം = സൌന്ദര്യം. കദനം = ആർത്തി. വിമർദ്ദനം = കെടുക്കുന്നത്. അംഗസംഗം = അംഗസ്പർശം. സദയമധുരവാക്ക = ദയാപൂർവ്വം കണ്ണാനന്ദകരവുമായ വാക്ക്.

൬൨

പ്രിയത = പ്രേമം. മോഹനമോഹനം = അത്യന്തമോഹനം.

൬൩

സുഖമീലിതാക്ഷി = സുഖംകൊണ്ടു കണ്ണടഞ്ഞവൾ. അനുപദം = ഉടനെ. അനുകൻ = പ്രിയൻ. അധന്യം = ഭാഗ്യഹീനം. ബാഹുബന്ധം = കരബന്ധനം;

൬൪

ഖഗം = പക്ഷി, ദുരന്തരാഗപാശം = അവസാനമില്ലാത്ത അനുരാഗച്ചരടു്.

Digitized By Kerala Sahitya Akademi

൹൪

ദൂരലക്ഷ്യൻ=ദൂരത്തിൽ കാണപ്പെടുന്നവൻ. ഇളംപിറ=ബാല
ന്ദ്രൻ. ലീനൻ=മറഞ്ഞവൻ.

൹൹

തരളഹൃദയ=വ്യാകുലചിത്ത. ബാഢം=അതിമാത്രം. പരിണ
=അവസാനം, വിധിവാച്യം=വിധിയുടെ കൌടില്യം.

൹൭

ഭൃശജവം=ഏററവും വേഗത്തിൽ. ശശി=ചന്ദ്രൻ. അനുദ്രുത=
നാലെ പോകുന്നതു്. സാദ്ധ്വി=സതി. അശരണ=സഹായമില്ലാ
വൾ. താരാവശഗത=പ്രധാനനക്ഷത്ര (ത്തിൻെറ അധീനയില്ലുള്ള
ത്തെ ആശ്രയിച്ചുനിൽക്കുന്നതു്. ഉപതാര=അപ്രധാനനക്ഷത്രം.

൹൮

ിജവം=വളരെവേഗം. തടിനീതടഗണ്ഡശൈലകൂടം=നദീതീര
ള്ള ഉയന്ന പാറക്കൂട്ടത്തിൻേറ കൊടുമുടി. ഗതിയിൽ=ഓട്ടത്തിൽ.
രം=മങ്ങിയ വെളുപ്പു. മേഘരേഖ=മേഘശകലം.

൹൯

അപരിഹാൎയ്യം=ഒഴിക്കാൻ പാടില്ലാത്തതു്. കുണ്ഠ=നിരാശ. ഘോ
രരിഭ്രമം=ഭയങ്കരമായവെള്ളത്തിൻെറഇളക്കം. അകാലികവൃദ്ധി=
പെട്ടെന്നുള്ള വെള്ളപ്പൊക്കം. രചഘോഷം=ഒഴുക്കിൻെറശബ്ദം.

൭൦

രവി=സൂൎയ്യൻ.

൭൧

അപ്രസന്നം=മങ്ങിയതു്.

൭൨

തല്പഥം=അവൻപോയവഴി. ശാഖി=വൃക്ഷം. അവസിത=അ
സാനിച്ചതു്. വ്യഥ=വ്യസനം. ശുദ്ധി=ഹൃദയശുദ്ധി.

൭൩

കൃതാൎത്ഥ=കൃതകൃത്യ.

൭൪

ധവളതരംഗകരങ്ങൾ=വെളുത്ത ഓളങ്ങളാകുന്നകൈകൾ. കൊ
ള്ളിമീൻ=എരിഞ്ഞുവീഴുന്നനക്ഷത്രം. അവനത=താണപോകുന്നവൾ

൭൫

ഇവൾ=തോഴി (മാധവി) അതികൃപണൻ=മഹാലോഭി. വന
ഥികൻ=കാട്ടിലെ യാത്രക്കാരൻ. ഹതദീപൻ=വെളിച്ചംകെട്ടവൻ.
ശ്ചയം=നിൎണ്ണയം. വിധി=ദുൎവ്വിധി. തൃപ്തനായി=കൃതകൃത്യനായി.

൭൬

വാസന്ത്ര=സ്വരാജ്യം. കാംക്ഷിതം=മനോരഥം. അവിദിതപ
ണാമം=അവസാനമറിവാൻ പാടില്ലാത്തത്. അനാഥം=ആശ്രയ
ല്ലാത്തതു്.

Digitized By Kerala Sahitya Akademi

൭൮

അനീശം = ഏകം. അവനിഗർഭം = ഭൂമിയിലെ ഗർഭാശയം (ഭൂഗർഭം എന്നു.) അനുഗതം = തുടർന്നുകൊണ്ടിരിക്കുന്നതു്. പാരതന്ത്ര്യാത്മ = സ്വാതന്ത്ര്യമില്ലാത്തഗതി.

൭൯

വർദ്ധിതം = പ്രസിദ്ധം. ചലാചലത്വം = അസ്ഥിരത. കദനം = വ്യസനം. നദീ = അല്ലയോ രേവ. ഹൃദയയുഗം = രണ്ടുഹൃദയം. (ലീലാമദനന്മാരുടെ ഹൃദയങ്ങൾ) സ്ഥിരസൌഹൃദം = സ്ഥിരസ്നേഹമുള്ളതു്

൮൦

നിജചരിതം = സ്വന്തംനടപടി. ജഗൽസ്വപ്നഭീതൻ = ജഗത്താകുന്ന കിനാവുകണ്ടു ഭയപ്പെടുന്നവൻ. മിഥുനമേ = ദമ്പതികളേ, ആശംസ = ആശ. ധീ = ബുദ്ധി. ധരാ = ഭൂമി.

൮൧

ആസക്താശയ = ആസക്തമായ ഹൃദയത്തോടുകൂടിയവൾ. (അപ്പേരും അന്തരിച്ചുപോയ മിത്രങ്ങളാൽ ദൃഢമായി പറ്റിനിൽക്കുന്ന മനസ്സോടുകൂടിയവൾ.) നിരാലംബ = ശരണമില്ലാത്തവൾ. സംശ്ലേഷം = ആശ്ലേഷം. ജൃംഭിച്ചു = പൊങ്ങി. സ്നിഗ്ദ്ധാംഗർ = കൊഴുത്തു ശുദ്ധമായ ശരീരമുള്ളവർ. യുവസ്ത്രീപുംസചിഹ്നം = ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാരുടെ അടയാളം. ഭാസിക്ക = ശോഭിക്ക. പരിവേഷം = ദീപ്തിമണ്ഡലം. വദനശ്രീ = മുഖശോഭ.

൮൨

മാംസം = സ്ഥൂലശരീരം. പ്രണയജടിലം = പ്രണയംകൊണ്ടു ചുറ്റിപ്പിണഞ്ഞതു്. ദേഹബന്ധം = ദേഹവുമായുള്ള കെട്ടു. വിരതഗതി = ഓട്ടം നിന്നതു്.

൮൩

ആ രാജമാനർ = തേജസ്വികളായ അവർ. തൂർണ്ണം = ശീഘ്രം. ഉദയോപരി = ഉദയപർവ്വതത്തിന്മേൽ. കർമ്മസാക്ഷി = സൂര്യൻ.

൮൪

ആടൽ = വ്യസനം. അടവീപഥം = വനമാർഗ്ഗം. രുജ = ദുഃഖം. അന്വയാതർ = കൂടെ പോന്നിരുന്നവർ.

൮൫

സഖീരമണൻ = സഖിയുടെ കാമുകൻ. സ്വാർത്ഥകം = സത്യം. (അർത്ഥമുള്ളതു്.) ചീരാംബരം = മരത്തോൽ വസ്ത്രം. അന്യാർത്ഥം = പരോപകാരത്തിന്നായി. തുച്ഛം = നിസ്സാരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi